

# പ്രോഗ്രസ്സ് റിപ്പോർട്ട്

## 2016 - 2020

കേരള സംസ്ഥാന യുവജന കമ്മീഷൻ



**ശ്രീ. പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി



**ശ്രീ. ഇ.പി. ജയരാജൻ**
ബഹു. യുവജനകാര്യവകുപ്പ് മന്ത്രി



**ശ്രീമതി ടിങ്കു ബിസ്വാൾ ഐ.എ.എസ്**
ബഹു. യുവജനകാര്യ വകുപ്പ് സെക്രട്ടറി



**കുമാരി ചിന്ത ജെറോം**
ബഹു. യുവജന കമ്മീഷൻ ചെയർപേഴ്സൺ

ഇ. പി. ജയരാജൻ
വ്യവസായ, കായിക
യുവജനകാര്യ വകുപ്പുമന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി 18.11.2020

## സന്ദേശം

കേരളത്തിലെ യുവജനങ്ങളുടെ ക്ഷേമത്തിനും ഉയർച്ചയ്ക്കും സംസ്ഥാന യുവജന കമ്മീഷൻ നടത്തുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് വലിയ പിന്തുണയും അംഗീകാരവുമാണ് ലഭിക്കുന്നത്. യുവജനകമ്മീഷന്റെ സുവർണ്ണകാലമായിരുന്ന നാലരവർഷമാണ് കടന്നുപോകുന്നത്. യുവജനങ്ങളുടെയാകെ അവകാശ സംരക്ഷണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വലിയ വിജയമായി. വൈവിധ്യപൂർണമായ ക്യാമ്പയിനുകളും തൊഴിൽ, വിദ്യാഭ്യാസ, കാർഷിക മേഖലകളിലധിഷ്ഠിതമായ പ്രവർത്തനങ്ങളും യുവജന കമ്മീഷനെ രാജ്യത്തിനാകെ മാതൃകയാകുന്ന യൂത്ത് ഏജൻസിയാക്കി മാറ്റി. സമൂഹത്തിലെ എല്ലാ തുറയിലുമുള്ള യുവജനങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയുമാകാൻ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. കമ്മീഷന്റെ കഴിഞ്ഞ നാലര വർഷത്തെ ബഹുമുഖമായ പ്രവർത്തനങ്ങളെയും നേട്ടങ്ങളെയും കമ്മീഷൻ ഇടപെട്ട വിഷയങ്ങളെയും വസ്തുനിഷ്ഠമായി ഒന്നിച്ചു ചേർക്കാനുള്ള മികച്ച ശ്രമമാണ് പ്രോഗ്രസ് റിപ്പോർട്ട്. കമ്മീഷന്റെ പ്രവർത്തനങ്ങളുടെ നേർസാക്ഷ്യമായി ഈ പ്രോഗ്രസ് റിപ്പോർട്ട് മാറും. ഇതര സംസ്ഥാനങ്ങൾക്കും രാജ്യത്തിനാകെയും യുവജന കമ്മീഷൻ പോലുള്ള ഏജൻസികൾ ആസൂത്രണം ചെയ്ത് ആവിഷ്ക്കരിക്കാൻ മാതൃകയും പ്രോത്സാഹനവുമാകുന്ന പ്രയത്നമാണിത്. യുവജന കമ്മീഷനും യൂത്ത് പ്രോഗ്രസ് റിപ്പോർട്ടിനും എല്ലാ ആശംസകളും നേരുന്നു.

ഇ.പി.ജയരാജൻ

# ഈ യാത്രയിൽ നമ്മൾ ഒരുമിച്ചാണ്...

കേരള സംസ്ഥാന യുവജന കമ്മീഷൻ പ്രവർത്തന പന്ഥാവിലെ ഏഴ് ആണ്ടുകൾ പിന്നിടുകയാണ്. ഒരു അർദ്ധ ജുഡീഷ്യൽ ബോഡി എന്ന നിലയിലും യുവജനതയുടെ അവകാശ സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഭരണകൂട സ്ഥാപനം എന്ന നിലയിലും 2016 ന് ശേഷം യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ സർവോന്മുഖമായിട്ടുണ്ട് എന്നത് അഭിമാനകരമാണ്. ഒരു രാജ്യത്തിന്റെ മാനവ വിഭവശേഷിയെ രാജ്യത്തിന്റെ തന്നെ പ്രഥമ സമ്പത്തായി പരിഗണിക്കുന്നതാണ് വികസനത്തിന്റെ അടിസ്ഥാന യുക്തികളി ലൊന്ന്. ഉത്പാദനത്തിലും ഉപഭോഗത്തിലും മാത്രമല്ല, സ്വതന്ത്ര ചിന്തയിലും സാമൂഹിക ഇടപെടലുകളിൽ പുലർത്തുന്ന ആർജ്ജവത്തിലും, പുരോഗമനകരമായ രാഷ്ട്രീയ മാറ്റങ്ങ ളോടുള്ള പ്രതിപത്തിയിലും യുവത മറ്റേത് മനുഷ്യരെക്കാളും ഒരുപടി മുന്നിൽ നടക്കു ന്നുണ്ട്. കേരളത്തിലെ യുവത തങ്ങളുടെ കർമ്മോത്സുകമായ ജീവിതം കൊണ്ട് കേരളീയ പൊതുമണ്ഡലത്തിൽ ആഴത്തിൽ സാമൂഹിക മാറ്റത്തിന്റെ മുദ്രകൾ ചാർത്തിയവരാണ്. യൗവനം എന്നത് ശരീരത്തിന്മേൽ കാലം നടത്തുന്ന ഇടപെടലുകൾ അല്ല എന്ന തിരി ച്ചറിവ് ഉള്ളതിനാലാണ് 'തല നരയ്ക്കുവതല്ലെന്റെ വാർദ്ധക്യം' എന്ന് മലയാളത്തിന്റെ പ്രിയ കവി ടി.എസ് തിരുമുമ്പ് എഴുതിയത്. കേരളീയ യൗവനത്തെ സംബന്ധിച്ച് യൗവനം എന്നത് സജീവവും പ്രതിജ്ഞാബദ്ധവുമായ മനസികാവസ്ഥയാണ്. അതിന്റെ സാക്ഷ്യ മാണ് കേരളീയ നവോത്ഥാനവും നമ്മളെ സ്ഫുടം ചെയ്തെടുത്ത സാമൂഹിക രാഷ്ട്രീയ മുന്നേറ്റങ്ങളും അതിലെ പല പ്രായങ്ങളിലുള്ള യുവതയുടെ പങ്കും.

യുവജനങ്ങളുടെ സമഗ്രമായ വികാസം ഉറപ്പുവരുത്താനുള്ള വൈവിധ്യമാർന്ന കർമ്മപദ്ധതികളുമായി യുവജനകമ്മിഷൻ മുന്നോട്ട് പോവുകയാണ്. ദുരന്തങ്ങളിലും പുനരുദ്ധാന മൂല്യങ്ങളിലും അടിപതറി വീഴാത്ത ജനാധിപത്യ യുവതയെയാണ് യുവജന കമ്മീഷൻ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. ട്രാൻസ് സമൂഹത്തിന് കൂടി അർഹമായ പ്രാതി നിധ്യം ഉറപ്പാക്കി സാമൂഹിക നിർമ്മാണ പ്രക്രിയയുടെ മുന്നണി പോരാളികളായി നമ്മുടെ ചെറുപ്പത്തെ പരിവർത്തനപ്പെടുത്തുക എന്നതാണ് കേരള സംസ്ഥാന യുവജന കമ്മീ ഷന്റെ ദീർഘകാല അടിസ്ഥാനത്തിലുള്ള ലക്ഷ്യം. ആ ലക്ഷ്യം സാക്ഷാത്ക്കരിക്കാ നുള്ള യാത്രയിൽ ഒപ്പം ചേരാൻ കേരളത്തിലെ മുഴുവൻ യുവതയെയും ആദരവോടെ യുവജന കമ്മീഷൻ ക്ഷണിക്കുന്നു.

കഴിഞ്ഞ 5 വർഷത്തെ യുവജന കമ്മീഷന്റെ സമഗ്രമായ പ്രവർത്തനങ്ങൾ സംക്ഷി പ്ത രൂപത്തിൽ അടയാളപ്പെടുത്തുന്ന യുവജന കമ്മീഷന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് നിങ്ങ ളുടെ വായനയ്ക്കും വിലയിരുത്തലിനും കൂട്ടിച്ചേർക്കലിനുമായി സാദരം സമർപ്പിക്കുന്നു.

**ചിന്ത ജെറോം**
ചെയർപേഴ്സൺ
യുവജന കമ്മീഷൻ

# 5 നിരന്തര ഇടപെടലുകളുടെ വർഷങ്ങൾ

***യുവജന കമ്മീഷൻ കഴിഞ്ഞ 5 വർഷക്കാലം കേരളത്തിലെ യുവജനതയെ സംബന്ധിക്കുന്ന വിവിധ വിഷയങ്ങളിൽ ഗൗരവമായി ഇടപെട്ടിട്ടുണ്ട്. യുവതയുടെ അവകാശലംഘനങ്ങളിൽ പരാതികൾക്കുമേലും മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയായും കമ്മീഷൻ നടപടികൾ സ്വീകരിച്ചു. തൊഴിൽ, വിദ്യാഭ്യാസം, മാനസികാരോഗ്യം, നിയമ പരിരക്ഷ ഉറപ്പാക്കൽ, ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കൽ തുടങ്ങി പല വിഷയങ്ങളിലും യുവജനങ്ങളുടെ പക്ഷത്തു നിന്നും നടപടികൾ സ്വീകരിക്കുവാനും സർക്കാരിന് ഇതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകുവാനും യുവജന കമ്മീഷന് കഴിഞ്ഞു. കഴിഞ്ഞ 5 വർഷക്കാലയളവിൽ യുവജന കമ്മീഷൻ നടത്തിയ ഇടപെടലുകളിൽ സുപ്രധാനമായവ ചുവടെ പറയുന്നവയാണ്.***

- കാസർഗോഡ് ജില്ലയിൽ ചികിത്സയ്ക്കിടെ യുവതിയായ അമ്മ മരിച്ച സംഭവത്തിൽ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് കുഞ്ഞിന്റെ പരിപാലനത്തിനായി നഷ്ടപരിഹാരമെന്ന നിലയിൽ 7,50,000 രൂപ അനുവദിക്കുകയുണ്ടായി.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിൽ സ്ഥാപനങ്ങളിലും വ്യത്യസ്ത ലിംഗ പദവികളിൽ ജീവിക്കുന്നവർക്ക് തുല്യ അവസരം നൽകുന്നതിന് ബന്ധപ്പെട്ട അപേക്ഷാ ഫോറങ്ങളിൽ മൂന്നാമതൊരു കോളം കൂടി ഉൾപ്പെടുത്തുന്നതിന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു.
- കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർ തസ്തികയിലെ നിയമനത്തിനായി നിയമന ശുപാർശ ലഭിച്ചിട്ടും നിയമന ഉത്തരവ് നൽകാത്തതുമായി ബന്ധപ്പെട്ട പരാതിയിൽ നിയമന ശുപാർശ ലഭിച്ചവർക്ക് നിയമനം നൽകുന്നതിന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു.
- വിവിധ തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം ദ്രുതഗതിയിൽ ലഭിക്കുന്നതിനും റിപ്പോർട്ട് സമർപ്പിച്ചു.
- തൃശ്ശൂർ ജില്ലയിൽ അതിരപ്പള്ളി വനമേഖലയിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി യുവതീയുവാക്കൾക്കായി സൗജന്യ പി.എസ്.സി. പരീക്ഷാ പരിശീലനം ആരംഭിച്ചു.
- ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനായി പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ശുപാർശ ചെയ്തു.
- ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ രേഖയിലെ മൂന്നാംലിംഗം, ഭിന്നലിംഗം എന്നീ പദങ്ങൾ മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- നഴ്സുമാർക്ക് റിസ്ക് അലവൻസ് നൽകുന്നതിന് ആരോഗ്യ വകുപ്പിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്ക് ശരിയായ വിധത്തിൽ വേതനവിതരണം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അനദ്ധ്യാപകർക്ക് ശമ്പള സ്കെയിൽ അനുവദിച്ച വേതനം നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- വിദൂര വിദ്യാഭ്യാസം വഴി ലൈബ്രറി സയൻസിൽ ബിരുദം ലഭിച്ചവർക്കും തൊഴിൽ അവസരം നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് ശസ്ത്രക്രിയ ചെയ്യുന്നതിന് ധനസഹായം നൽകുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്.
- പബ്ലിക് ലൈബ്രറികളിൽ ഭിന്നശേഷിക്കാർക്ക് സുഗമമായി പ്രവേശിക്കുന്നതിന് റാംപ് നിർമ്മിക്കുന്നതിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

- പൊതുഗതാഗത ഉപാധിയായ ബസ്സിന്റെ ഡോർ തുറന്നുപോകുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഡോർ തുറന്നുപോകാതെയും, അമിത വേഗത കുറച്ചും സുരക്ഷിതമായ പൊതുഗതാഗതം ഉറപ്പ് വരുത്തുന്നതിന് ഗതാഗതവകുപ്പിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- തിരുനാവായയിലുള്ള മാമാങ്ക സ്മാരകങ്ങൾ സന്ദർശിക്കാനെത്തുന്നവർക്ക് പ്രാഥമിക ആവശ്യം നിർവഹിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കണമെന്നുള്ള പരാതിയിൽ ഉൾപ്പെടെ മാമാങ്ക സ്മാരക ങ്ങളിൽ അധിക സൗകര്യം ഒരുക്കുന്നതിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- വിവിധ വകുപ്പുകളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- വസ്തുനിഷ്ഠമായ കാരണങ്ങളാൽ ഒരു കോഴ്സ് പൂർത്തീകരിക്കുന്നതിന് മുമ്പേ പഠനം അവസാനി പ്പിക്കേണ്ടി വന്ന വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിന് കോളേജിൽ പ്രവേശനം നൽകുന്നതിന് അനുമതി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
- കാട്ടാക്കടയിലെ പ്രദേശവാസികൾ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അനധികൃത പാറ ഖനനം തടയുന്നതിന് തിരുവനന്തപുരം ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- അനാരോഗ്യകാരണങ്ങളാൽ ഹാജരിൽ കുറവ് വന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് അനുമതി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
- വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകത്തക്കവിധം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിന് ഉത്തരവ് പുറ പ്പെടുവിച്ചു.
- സർവ്വകലാശാലകൾ ഷെഡ്യൂളുകൾ പ്രകാരം പരീക്ഷകൾ നടത്തുന്നതിനും പരീക്ഷാഫലം പ്രസിദ്ധീ കരിക്കുന്നതിനും നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- സ്വകാര്യ ബസുകളിൽ വിദ്യാർത്ഥികൾക്ക് സുഗമമായ യാത്ര ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- കെ.എസ്.ആർ.ടി.സി നൽകിവരുന്ന യാത്രാ ആനുകൂല്യം ജെ.ഡിസി വിദ്യാർത്ഥികൾക്കും അനുവദി ക്കുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്.
- ആഭ്യന്തരവകുപ്പിന്റെ സൈബർ ഡോമിൽ സാങ്കേതിക പരിജ്ഞാനമുള്ള യുവജനങ്ങളെ ഉൾപ്പെടു ത്തുന്നതിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- മിൽമയിലെ നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- കാർഷിക സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് അനുവദിക്കുന്ന തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- കുടിശ്ശിക വേതനം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- തുല്യതാ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
- രോഗബാധിതനായ വിദ്യാർത്ഥിക്ക് താമസസ്ഥലത്തിന് അടുത്തുള്ള കോളേജിൽ പ്രവേശനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- തൊഴിൽരഹിത വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്.
- ബി.എഡ്. വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി. യാത്രാ ആനുകൂല്യം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- എറണാകുളം ചങ്ങമ്പുഴ പാർക്കിൽ യുവജനങ്ങൾക്ക് പ്രവേശനം അനുവദിക്കാൻ നിർദ്ദേശം നൽകി യിട്ടുണ്ട്.
- ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് കമ്മീ ഷന്റെ നിർദ്ദേശത്തെ തുടർന്ന് 'FISH' എന്ന പേരിൽ ഒരു ഗുണനിലവാര പരിശോധനാ പരിപാടി ഭക്ഷ്യസുരക്ഷാ വകുപ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശുപാർശകൾ

കമ്മീഷൻ മുമ്പാകെ വരുന്ന അഭിപ്രായങ്ങൾ കമ്മീഷൻ ചർച്ച ചെയ്ത് പ്രസക്തമായ ആശയങ്ങൾ കമ്മീഷൻ ശുപാർശ രൂപേണ ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ അയച്ചുകൊടുത്തിട്ടുണ്ട്.

- നിലവിൽ നൽകിവരുന്ന തൊഴിൽരഹിത വേതനവും, തൊഴിൽരഹിത വേതനം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നത്.
- സഹകരണ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് അവരുടെ തൊഴിലിന് തടസ്സം വരാത്ത രീതിയിൽ സഹകരണത്തിൽ ഡിപ്ലോമ കോഴ്സുകൾ പൂർത്തിയാക്കുന്നതിന് JDC/HDC സായാഹ്ന കോഴ്സുകൾ ആരംഭിക്കുന്നത്.
- യുവജനങ്ങളുടെ പങ്കാളിത്തത്തോടെ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നത്. എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടിയായ 'വിമുക്തി' ജയിലുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നത്.
- ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ വിദ്യാർത്ഥികളോടൊപ്പം സ്കൂളുകളിൽ തന്നെ സമയം ചെലവഴിക്കേണ്ടി വരുന്നതിനാൽ ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ചുകൊണ്ടുള്ള കൈതൊഴിൽ പരിശീലനം നൽകുന്നത്.
- നിയമ വിദ്യാഭ്യാസം സ്കൂൾ/കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നത്.
- വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നിയമനങ്ങൾ ത്വരിത ഗതിയിലാക്കുന്നതിനും കമ്മീഷൻ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- എക്സൈസ് വകുപ്പിന്റെ സഹായത്തോടെ മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വ്യാപനം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- തൊഴിലിടങ്ങളിലെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും ചൂഷണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കും തൊഴിലിനും തുടർ വിദ്യാഭ്യാസത്തിനും ആവശ്യമായ സാഹചര്യം ഒരുക്കുവാൻ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- ട്രാൻസ്ജെൻഡർ വിഭാഗത്തിന് പി.എസ്.സി. അപേക്ഷ ഫോമിൽ ട്രാൻസ് ജെൻഡർ കോളം അനുവദി ക്കുന്നത്.
- യുവാക്കൾക്ക് തൊഴിലവസരം ഒരുക്കുന്നതിനായി കമ്മീഷൻ ജോബ് പോർട്ടൽ സംവിധാനം ആരംഭിച്ചിട്ടുണ്ട്. യുവാക്കൾക്ക് അതിന്റെ ഭാഗമായി ഒരു സംസ്ഥാനതല ജോബ് ഫെസ്റ്റ് 'കരിയർ എക്സ്പോ 2019' കഴിഞ്ഞ സാമ്പത്തിക വർഷം സംഘടിപ്പിച്ചിരുന്നു. 119 കമ്പനികളും 4792 ഓളം ഉദ്യോഗാർത്ഥികളും ടി ഫെസ്റ്റിൽ പങ്കെടുത്തു. 528 ഉദ്യോഗാർത്ഥികളെ വിവിധ കമ്പനികൾ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.
- പരാതികളുടെ അടിസ്ഥാനത്തിൽ ക്യാമ്പസ്സുകൾ സന്ദർശിക്കുകയും മേച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി അവശ്യം വേണ്ട നിർദ്ദേശങ്ങളും ശുപാർശകളും സമർപ്പിച്ചിട്ടുണ്ട്.
- കമ്മീഷൻ സാധ്യത പഠനങ്ങൾ നടത്തി തൊഴിലവസരങ്ങൾ നേടുന്നതിന് മെച്ചപ്പെട്ട വഴികൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- ഇടമലക്കുടി ആദിവാസി കോളനിയിൽ സാധ്യതാ പഠനം നടത്തുകയുണ്ടായി.
- Dynamics Of Youth in Kerala എന്ന വിഷയത്തിൽ ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസുമായി സഹകരിച്ച് പഠനം നടത്തി.
- അക്കൊല്ലി കോളനിയിലെ യുവജനങ്ങളുടെ തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വിഷയങ്ങളിൽ സാധ്യത പഠനങ്ങൾ നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.
- അട്ടപ്പാടിയിലെ ഊരിലെ യുവജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായും തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനായും സർക്കാരിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

- ദുർബല വിഭാഗം/ആദിവാസി ഉദ്യോഗാർത്ഥികൾക്കായി അതിരപ്പിള്ളി ആദിവാസികോളനിയിൽ പി.എസ്.സി പരീക്ഷകൾക്ക് പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്. ഊരുകളിലാണ് ടി പരിശീലനം നടത്തുന്നത്.

- ഗോത്രവർഗ്ഗ വിഭാഗത്തിൽപെടുന്നവരുടെ സാമൂഹ്യ സാമ്പത്തിക സാഹചര്യം മനസ്സിലാക്കുന്നതിനായി അട്ടപ്പാടി, ഇടമലക്കുടി, അക്കൊല്ലി, മാന്താനംകന്ന് തുടങ്ങിയ കോളനികൾ സന്ദർശിക്കുകയും ടി പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള ശുപാർശകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2020 ൽ പാലക്കാട് അട്ടപ്പാടി കോളനിയിലും ബോധവത്ക്കരണ പരിപാടി നടത്തിയിരുന്നു.

- വ്യാപാര സ്ഥാപനങ്ങൾ, മറ്റ് അസംഘടിത തൊഴിലിടങ്ങളിലെ യുവാക്കൾ നേരിടുന്ന തൊഴിൽ പരമായ ദുരിതങ്ങൾ മനസ്സിലാക്കുന്നതിനായി ടി തൊഴിലിടങ്ങൾ സന്ദർശിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടെക്സ്റ്റൈൽസുകളിലെ സെയിൽസ് ഗേൾസിന്റെ ജോലി സമയത്ത് ഇരിപ്പിടം ഉറപ്പാക്കുന്നത്, സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതന വർദ്ധനവ്, സ്വകാര്യ കോളേജുകളിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ, കരാർ ജീവനക്കാരുടെ വിവിധ തൊഴിൽ പ്രശ്നങ്ങൾ/ശമ്പള പരിഷ്കരണം എന്നിവയിൽ ഇടപെടൽ നടത്തിയിട്ടുണ്ട്.

- യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിൽ സ്വമേധയായും കമ്മീഷൻ കേസെടുക്കാറുണ്ട്. മാസമാസം കമ്മീഷൻ ഓഫീസിൽ എല്ലാ 6–ാം തീയതികളിലോ അടുത്ത പ്രവർത്തി ദിവസങ്ങളിലോ സ്വമേധയാ എടുത്ത കേസുകളിലും മറ്റ് കേസുകളിലും നേർവിചാരണ നടത്താറുണ്ട്.

***കഴിഞ്ഞ വർഷത്തിൽ താഴെ പറയുന്ന വിവിധ സംഭവങ്ങളിൽ കമ്മീഷൻ സ്വമേധയാ കേസ് എടുത്ത് ബന്ധപ്പെട്ടവരിൽ നിന്നും റിപ്പോർട്ട് വാങ്ങി തുടർനടപടികൾ സ്വീകരിച്ചു.***

- കോഴിക്കോട് വെച്ച് ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടയാളെ പോലീസ് മർദിച്ചത് സംബന്ധിച്ച പത്രവാർത്തയിൻമേൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ പോലീസ് മേധാവിയോട് നിർദ്ദേശം നൽകുകയും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

- സെക്രട്ടേറിയറ്റ് നടയിൽ സമരം ചെയ്തുവരുന്ന ശ്രീജിത്തിന്റെ സുഹൃത്ത് ആൻഡേഴ്സനെ ഒരു സംഘം ആൾക്കാർ മർദിച്ചുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ തിരുവനന്തപുരം സിറ്റി പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

- ആലപ്പുഴ കെ.വി.എം. ആശുപത്രിയിലെ നഴ്സുമാരുടെ സമരം സംബന്ധിച്ച പത്രവാർത്തയിന്മേൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ, ആലപ്പുഴ ജില്ലാ പോലീസ് മേധാവി, കെ.വി.എം. ആശുപത്രി മാനേജ്മെന്റ് പ്രതിനിധി എന്നിവരെ നേരിൽ കേൾക്കുകയും പ്രശ്നം പരിഹരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

- അട്ടപ്പാടിയിൽ മധു എന്ന യുവാവിനെ മോഷണം ആരോപിച്ച ആൾക്കൂട്ടം മർദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുത്ത് പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

- മലപ്പുറം ജില്ലയിൽ കലാകാരിക്ക് ഊരുവിലക്ക് ഏർപ്പെടുത്തിയെന്ന പത്രവാർത്തയിന്മേൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

- പി.എസ്.സി നടത്തുന്ന മത്സരപരീക്ഷകളുടെ ഹാൾടിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിലെ അപാകത – ഒരേ സമയത്ത് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നവർക്ക് അടുത്തടുത്ത റോൾ നമ്പർ ലഭിക്കുന്നത് കോപ്പിയടിക്ക് കാരണമാകുമെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും അപാകത പരിഹരിക്കാൻ പി.എസ്.സി.യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

- നീറ്റ് പരീക്ഷയുടെ സമയത്ത് നടത്തുന്ന ദേഹപരിശോധന സംബന്ധിച്ച പത്രവാർത്തയെ തുടർന്ന് പരീക്ഷാർത്ഥികളുടെ സ്വകാര്യത മാനിച്ചുകൊണ്ടുള്ള പരിശോധന നടത്തുന്നതിന് സി.ബി.എസ്.ഇ. റീജിയണൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

- ജസ്ന എന്ന പെൺകുട്ടിയെ കാണാതായെന്ന പത്രവാർത്തയിന്മേൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും അനന്തര

നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

- മൾട്ടിപ്ലക്സുകളിൽ കുടിവെള്ളം കൊണ്ടുപോകാൻ അനുവദിക്കാത്തത് സംബന്ധിച്ച് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും കുടിവെള്ളം കൊണ്ടുപോകാൻ പറ്റുന്ന സാഹചര്യം ഒരുക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിനും സാംസ്കാരിക വകുപ്പിനും നിർദ്ദേശം നല്കിയിട്ടുണ്ട്.
- പ്രതിരോധ മന്ത്രാലയം വിവിധ തസ്തികകളിലേയ്ക്ക് നടത്തുന്ന റിക്രൂട്ടിംഗിന് ഫീസ് ഈടാക്കുന്നുവെന്ന വിഷയം കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും ഫീസ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രതിരോധ മന്ത്രാലയത്തിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.
- കെവിൻ എന്ന യുവാവിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും നിർദ്ദേശം നൽകുകയും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.
- പാലക്കാട് അഹല്യ ഫൗണ്ടേഷനിലെ വിവിധ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച പത്രവാർത്തയെ തുടർന്ന് കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ജില്ലാ ലേബർ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
- കൊല്ലത്ത് യുവാവ് ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.
- എറണാകുളം മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായിരുന്ന അഭിമന്യുവിന്റെ കൊലപാതകം സംബന്ധിച്ച പത്രവാർത്തയിന്മേൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും എറണാകുളം സിറ്റി പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- B.Ed/M.Ed കോഴ്സുകളുടെ സമയപരിധി ദീർഘിപ്പിച്ചതിനനുസരിച്ച് സിലബസിൽ മാറ്റം വരുത്തിയിട്ടില്ലായെന്നത് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും കോഴ്സിന്റെ ദൈർഘ്യത്തിനനുസരിച്ച് സിലബസ് പരിഷ്കരിക്കാൻ ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- കൊല്ലം കൊട്ടിയത്ത് വച്ച് സനോഫർ എന്ന വിദ്യാർത്ഥിയെ പോലീസ് മർദിച്ചുവെന്ന പത്രവാർത്തയിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- സ്വാശ്രയ കോളേജുകളിൽ വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നത് സംബന്ധിച്ച നിരവധി പരാതികൾ കമ്മീഷൻ ലഭിച്ചതിനെ തുടർന്ന് കമ്മീഷൻ ഈ വിഷയം വിശദമായി പരിശോധിക്കുകയും സ്വാശ്രയ കോളേജുകളിൽ സംഘടനാ പ്രവർത്തനം അനുവദിക്കുന്നതിനും അംഗീകാരമില്ലാത്ത സംഘടനകളുടെ പ്രവർത്തനം ക്യാമ്പസിൽ നിരോധിക്കുന്നതിനും കമ്മീഷൻ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- മലപ്പുറം മഞ്ചേരിയിൽ ആൾക്കൂട്ടം കെട്ടിയിട്ട് മർദ്ദിച്ച യുവാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും ചെയ്തിട്ടുണ്ട്.
- കൊച്ചിയിൽ യൂബർ ഈറ്റ്സ് ഡെലിവറി ബോയിയെ ഹോട്ടൽ ഉടമ മർദ്ദിച്ച സംഭവത്തിൽ, കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും എറണാകുളം സിറ്റി പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ശീതൾ ശ്യാം എന്നയാൾക്ക് കോഴിക്കോട് ലോഡ്ജിൽ മുറി നിഷേധിച്ചുവെന്ന വാർത്ത കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് സിറ്റി പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
- കാസർഗോഡ് കേന്ദ്ര കേരള സർവകലാശാലയിലെ വിദ്യാർത്ഥി ആത്മഹത്യയ്ക്ക് ശ്രമിച്ചത് സംബന്ധിച്ച പത്രവാർത്തയിൽ സർവകലാശാലയുടേയും ജില്ലാ പോലീസ് മേധാവിയുടേയും റിപ്പോർട്ട് ലഭ്യമാക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- ദേശീയ ഗെയിംസ് മെഡൽ ജേതാവായ ശാരികയുടെ കുടുംബത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച പത്രവാർത്തയെ തുടർന്ന്, കായികതാരത്തിന് തൊഴിൽ നൽകുന്നതിന് കായിക വകുപ്പിനും പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പിനും കത്ത് നൽകിയിട്ടുണ്ട്.
- കോവളം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി എന്ന

സ്ഥാപനത്തിലെ വിദ്യാർത്ഥി ആത്മഹത്യ ചെയ്ത സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും, കോളേജ് സന്ദർശിക്കുകയും കോളേജ് അധികൃതർക്ക് വിദ്യാർത്ഥി സൗഹൃദ നിലപാടുകൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

- നെയ്യാറ്റിൻകരയിൽ പോലീസ് ഉദ്യോഗസ്ഥൻ തള്ളിയിട്ടതിനെ തുടർന്ന് യുവാവ് വാഹനം തട്ടി മരിച്ച സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും അന്തരനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- കൊല്ലം ഫാത്തിമ കോളേജിലെ വിദ്യാർത്ഥിനി ട്രെയിൻ തട്ടി മരിച്ച സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവി, കോളേജ് പ്രിൻസിപ്പാൾ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കുകയും അനന്തരനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- സഹകരണ അപെക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. മുഖേന നടപ്പിലാക്കണമെന്ന പത്രവാർത്ത കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും ടി സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. മുഖേനയാക്കുന്നത് സംബന്ധിച്ച് സഹകരണ വകുപ്പിന്റെ റിപ്പോർട്ട് തേടുകയും ചെയ്തിട്ടുണ്ട്.
- വിവിധ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ നിയമനം നടക്കുന്നില്ലായെന്ന വസ്തുത കമ്മീഷൻ മനസ്സിലാക്കുകയും ബന്ധപ്പെട്ടവർക്ക് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്.
- പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം കേരളത്തിൽ ലഭിക്കേണ്ട ജലം തമിഴ്നാട് സർക്കാർ കനാൽ അടച്ചതുമൂലം ലഭിക്കാത്തത് സംബന്ധിച്ച യുവാക്കൾ നൽകിയ പരാതി അന്തർ സംസ്ഥാന നദീജല തർക്ക സെല്ലിന് നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.
- കൊല്ലത്ത് യുവതിയെ പട്ടിണിക്കിട്ട് കൊന്നുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.
- വാരാപ്പുഴ കസ്റ്റഡി മരണം പോലീസ് കസ്റ്റഡിയിൽ എടുത്ത ശ്രീജിത്ത് എന്ന യുവാവ് മരണപ്പെട്ട സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും ചെയ്തു.

## കമ്മീഷൻ ഇടപെട്ട മറ്റ് വിഷയങ്ങൾ

- സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾ വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് (അമിത ഫീസ് ഈടാക്കുന്നത്, ഇന്റേണൽ മാർക്ക് നൽകാതിരിക്കുന്നത്, പരാതി പരിഹാരത്തിന് വേദികളി ല്ലാത്തത്, ഹാജരായിട്ടും ഹാജർ നൽകാത്തത്, സംഘടനാ പ്രവർത്തനം അനുവദിക്കാത്തത്) വിധേയരാകുന്നത് സംബന്ധിച്ച വിവിധ പരാതികളിന്മേൽ കമ്മീഷൻ ഇടപെട്ടിട്ടുണ്ട്.
- സാധാരണക്കാരായ ഉദ്യോഗാർത്ഥികൾക്ക് റെയിൽവേയിൽ ജോലി ലഭിക്കുന്നതിനായുള്ള ഉയർത്തിയ റിക്രൂട്ടിംഗ് ഫീ കുറയ്ക്കണമെന്നാവശ്യപ്പെട്ട് കമ്മീഷൻ റെയിൽവേയുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്.
- കോളേജുകളിൽ നിലവിലുള്ള കോഴ്സുകളിൽ പ്രവേശനം സുഗമമാക്കുന്നതിനും അദ്ധ്യയനം ഉറപ്പാക്കുന്നതിനും കമ്മീഷൻ ഇടപെട്ടിട്ടുണ്ട്.
- തൊഴിലിടങ്ങളിൽ, അർഹമായ വേതനം നൽകാതെയും ഇരിപ്പിടം അനുവദിക്കാതെയും വിശ്രമം അനുവദിക്കാത്തതു സംബന്ധിച്ച നിരവധി പരാതികളിന്മേൽ കമ്മീഷൻ ഇടപെട്ടിട്ടുണ്ട്.
- വിവിധ കോളേജുകളിലെ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തടഞ്ഞ് വച്ചിരിക്കുന്നതിനാലും കോഴ്സുകൾ/ യോഗ്യതാ പരീക്ഷയുടെ ഫലം പ്രഖ്യാപിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലും തുടർപഠനം നഷ്ടപ്പെടുന്നത് സംബന്ധിച്ച് നിരവധി പരാതികളിന്മേൽ കമ്മീഷൻ ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്.
- എന്തെങ്കിലും കാരണവശാൽ ഒരു കോഴ്സിലെ പഠനം തുടരാനാവാത്ത വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുന്നതിനായി തടഞ്ഞുവെക്കുന്നത് സംബന്ധിച്ച നിരവധി പരാതികളിൽ കമ്മീഷൻ ഇടപെട്ടിട്ടുണ്ട്.
- നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ നടത്തുന്ന സ്ഥലം മാറ്റങ്ങൾ സംബന്ധിച്ച് ലഭിച്ച നിരവധി പരാതികളിന്മേൽ കമ്മീഷൻ ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- അപകടത്തിൽ പെട്ട് തൊഴിൽ നഷ്ടപ്പെട്ടവർക്കും ചികിത്സാ പിഴവ് മൂലം കുഞ്ഞുങ്ങളും, ബന്ധുക്കളും നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം ലഭിക്കുന്നതിനായി ലഭിച്ച പരാതികളിൽ കമ്മീഷൻ ഫലപ്രദമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ഉദ്യോഗസ്ഥർക്കെതിരെ ലഭിക്കുന്ന പരാതികളിൽ അവർക്കെതിരെ യുക്തമായ നടപടി സ്വീകരിക്കുന്നതിന് വേണ്ട നടപടികൾ കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.
- ട്രാൻസ്ജെൻഡർ വിഭാഗത്തിന് തുല്യ തൊഴിൽ/വിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച് കമ്മീഷൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.
- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- വകുപ്പുകളിൽ വിരമിക്കൽ മൂലവും, മറ്റ് സാഹചര്യം നിമിത്തം ഉണ്ടാകുന്ന ഒഴിവുകൾ കാല താമസം കൂടാതെ നികത്താൻ വേണ്ട നിർദ്ദേശം പി.എസ്.സി.ക്ക് നൽകിയിട്ടുണ്ട്.
- പരീക്ഷാ പരിശീലനം, തൊഴിൽ പരിശീലനം, റിക്രൂട്ടിംഗ് എന്നിവ നടത്തുന്ന അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത്.
- യുവാക്കൾക്കെതിരെ ജോലി വാഗ്ദാനം ചെയ്ത് സാമ്പത്തിക തട്ടിപ്പ്, മണിചെയിൻ തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- യുവാക്കളിൽ മദ്യം, മയക്കുമരുന്ന് വ്യാപനത്തിനെതിരെയും, ആയത് നിയന്ത്രിക്കുന്നതിനാവശ്യമായി ബോധവത്കരണങ്ങൾ ഉൾപ്പെടെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- യുവജനങ്ങൾക്ക് അർഹമായ സാമ്പത്തിക സഹായം:/കുടുംബ പെൻഷൻ അനുവദിക്കുന്നതിനും കമ്മീഷൻ ഫലപ്രദമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടാത്ത വിധം റാങ്ക് പട്ടികകൾ ക്രമീകരിക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും കമ്മീഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ യുവാക്കളുടെ തടഞ്ഞുവെച്ചിരിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും പരാതിക്കാർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.
- വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നിലവിലുള്ള ചട്ടപ്രകാരം നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ കമ്മീഷൻ വേണ്ട നിർദ്ദേശം അധികാരികൾക്ക് നല്കിയിട്ടുണ്ട്.
- ഗതാഗത വകുപ്പിനും, പൊതുമരാമത്ത് വകുപ്പിനും, റോഡുകളിൽ ഉണ്ടാകുന്ന വാഹന അപകട ങ്ങൾ കുറയ്ക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം കമ്മീഷൻ നൽകിയിട്ടുണ്ട്.
- ഇടമലക്കുടിയിലെയും മറ്റ് ആദിവാസി ഊരുകളിലേയും യുവാക്കളുടെ ശാക്തീകരണത്തിനായി കമ്മീഷൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.
- പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യ ബോധം, സാമൂഹിക ബോധം, നിയമ സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിനായി കമ്മീഷൻ 'ഗ്രീൻ യൂത്ത്?' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മാലിന്യ/പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്സുകൾ രൂപീകരിക്കുന്നതിനും ഗതാഗത നിയമം, രക്തദാനം എന്നിവ സംബന്ധിച്ച് ക്ലാസ്സുകളും ക്യാമ്പുകളും സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ഗ്രീൻ യൂത്ത് സന്നദ്ധപ്രവർത്തകർ പ്രളയസമയത്ത് സജീവമായി രക്ഷാ/ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
- യുവാക്കളിൽ കാണപ്പെടുന്ന വിഷാദരോഗം, ഏകാന്തത, ആത്മഹത്യാ പ്രവണത എന്നിവയിൽ നിന്നും അവരെ മാറ്റം വരുത്തി നേർവഴികളിൽ നയിക്കാനും, മദ്യം, മയക്കുമരുന്ന്, മറ്റ് കുറ്റകൃത്യങ്ങളിൽ നിന്നും പിന്തിരിപ്പിക്കാനും യുവജന കമ്മീഷൻ ആരംഭിച്ചകാലം മുതൽ കോളേജ്, കോളനിതലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകളും പ്രശസ്ത മാന്ത്രികൻ ഗോപിനാഥ് മുതുകാടുമായി ചേർന്ന് മാജിക്കിലൂടെ യുവജനങ്ങൾക്കിടയിൽ 14 ജില്ലകളിൽ ഇന്ദ്രജാലത്തിലൂടെ ബോധവത്ക്കരണ കാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ ലൈബ്രറി കൗൺസിൽ മുഖാന്തിരം ട്രൈബൽ ലൈബ്രറികളുൾപ്പെടെ ഭരണഘടനാ ബോധവത്ക്കരണ പരിപാടി കമ്മീഷൻ സംഘടിപ്പിച്ചിട്ടുണ്ട്.



# ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ കമ്മീഷൻ നടത്തിയ പ്രവർത്തനങ്ങൾ

ലോകത്താകമാനം കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് കേരളത്തിലും ലോക്ഡൗൺ നടപ്പിലാക്കിയ പശ്ചാത്തലത്തിൽ ജനജീവിതം ദുഷ്കരമാവാതിരിക്കാൻ യുവജന കമ്മീഷൻ കരുതലോടെ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ സേവനസന്നദ്ധരായ യുവജനങ്ങളെ ഗൂഗിൾ ഫോം മുഖേന രജിസ്റ്റർ ചെയ്യിക്കുകയും വിന്യസിക്കുകയും ചെയ്തു. പിന്നീട് സംസ്ഥാന സർക്കാർ നിലവിൽ ഉണ്ടായിരുന്ന സന്നദ്ധം പോർട്ടൽ വിപുലീകരിക്കാൻ തീരുമാനിച്ചതിനെ തുടർന്ന് യൂത്ത് ഡിഫൻസ് ഫോഴ്സ് ആയതിൽ ചേർക്കുകയുണ്ടായി. ലോക്ക്ഡൗൺ കാലത്ത് കേരളം അനുഭവിക്കാവുന്ന പ്രശ്നങ്ങളെ ദീർഘവീക്ഷണത്തോടെ മനസിലാക്കിയാണ് പ്രവർത്തനമേഖലകൾ ആസൂത്രണം ചെയ്തത്.

പ്രസ്തുത മേഖലകളിൽ നിന്നും അപ്പപ്പോൾ ഉയർന്നുവന്ന പ്രശ്നങ്ങളുടെ സ്വഭാവത്തി നനുസരിച്ച് പുതിയ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതായി വന്നു. ലോക്ക്ഡൗൺ കാലത്ത് 24 മണിക്കൂറും പ്രവർത്തന സന്നദ്ധമായ നിലയിൽ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെ സഹായത്തോടെ സംസ്ഥാന കോ-ഓർഡിനേറ്റർമാർ ജില്ലാ കോ-ഓർഡിനേറ്റർമാർ സന്നദ്ധപ്രവർത്തകർ എന്നിവർ ശൃംഖല ബന്ധിതമായി പ്രവർത്തനങ്ങളെ സംഘടിപ്പിക്കുകയാണ് ചെയ്തത്. ലോക്ക്ഡൗൺ പ്രഖ്യാപിച്ച ദിവസം തന്നെ രാവിലെ സൂം ആപ്ലിക്കേഷനിൽ കോ-ഓർഡിനേറ്റർമാരുടെ വീഡിയോ കോൺഫറൻസ് ചേർന്നാണ് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ തയ്യാറാക്കിയത്. തുടർന്ന് ഒന്നിടവിട്ട ദിനങ്ങളിൽ റിവ്യൂ മീറ്റിങ്ങുകൾ സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ ചേരുകയും ക്രമപ്പെടുത്തുകയും ചെയ്തിരുന്നു. പ്രവർത്തനങ്ങളുടെ മേഖലകളും വിശദാംശങ്ങളും ചുവടെ,

1. ലോക്ക്ഡൗൺ ആയതിനാൽ അവശ്യസാധന/അവശ്യമരുന്ന് എത്തിച്ചു നൽകാനുള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം.
2. തിരുവനന്തപുരം ആർ.സി.സി.യിൽ ചികിൽസയിലുള്ള സംസ്ഥാനത്തെ 14 ജില്ല കളിലെയും രോഗികൾക്ക് ഫയർഫോഴ്സിന്റെ സഹായത്തോടെ മരുന്ന് എത്തി ക്കൽ.
3. പ്രാദേശികമായ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമല്ലാത്ത അവശ്യമരുന്നുകൾ 4 ജില്ലകളിലെയും അവശ്യക്കാർക്ക് ലഭ്യമാക്കൽ.
4. ഐസൊലേഷനിൽ കഴിയുന്നവർക്ക് വായിക്കാൻ 'പുസ്തകക്കൂട്ട്,' പുസ്തകമെ ത്തിച്ചു കൊടുക്കുന്ന പ്രവർത്തനം.
5. സംസ്ഥാനത്തെ ലോക്ക്ഡൗൺ കാലത്ത് വീടുകളിൽ മാനസികോല്ലാസ ത്തി നും വായനയേക്കും സഹായകമായി പ്രാദേശികവായനാശാലകളിൽ നിന്നും പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചു നൽകൽ.
6. രക്തദാനത്തിനായി സ്വയം സന്നദ്ധരായ പ്രവർത്തകരെ ഉറപ്പാക്കൽ.
7. മാനസിക രോഗികൾക്ക് തിരുവനന്തപുരം മാനസികാരോഗ്യ മെഡിക്കൽ സെന്ററിൽ നിന്നും മരുന്ന് എത്തിച്ചു നൽകൽ.
8. അന്യസംസ്ഥാനത്തേക്കും അന്യരാജ്യത്തേക്കും മരുന്ന് എത്തിക്കുന്നതിനുള്ള സഹായക സംവിധാനം.
9. സർക്കാർ നൽകുന്ന വാർത്തകളെ സുതാര്യതയോടെ സാമൂഹികമാധ്യമങ്ങളിലൂടെ ജനങ്ങളിൽ പ്രചരിപ്പിക്കൽ.
10. ഐസൊലേഷൻ വാർഡ്, മറ്റ് പൊതുയിടങ്ങൾ ശുചീകരണം.



## കോവിഡ് കാലത്ത് യുവജന കമ്മീഷൻ നടത്തിയ

# മാതൃകാ പ്രവർത്തനങ്ങൾ

ലോകം മുഴുവൻ കോവിഡ് പ്രതിസന്ധിയിലായപ്പോൾ കേരള സർക്കാർ ശ്ലാഘനീയമായ പ്രതിരോധ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിനൊപ്പം യുവജനക്കമ്മീഷനും മാതൃകാപരമായ പങ്ക് വഹിച്ചു.

- സംസ്ഥാനത്ത് കോവിഡ് പ്രതിരോധത്തിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രൂപീകരിച്ച യുവാക്കളുടെ സന്നദ്ധ സേനയിൽ യുവജന കമ്മീഷനും പങ്കാളിയായി. യുവജന കമ്മീഷന്റെ പോർട്ടൽ വഴി മുഖ്യമന്ത്രിയുടെ സന്നദ്ധസേനയിൽ ഒരു ലക്ഷത്തിലേറെ യുവജനത അംഗങ്ങളായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ യുവജന കമ്മീഷന്റെ സന്നദ്ധസേവകരിലൂടെ ലോക്ക്ഡൗൺ കാലത്ത് സന്നദ്ധ പ്രവത്തനത്തിന്റെ ഉദാത്ത മാതൃക ആവിഷ്ക്കരിക്കാൻ യുവജന കമ്മീഷന് കഴിഞ്ഞു.
- ഫയർഫോഴ്സുമായി സഹകരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും സംസ്ഥാനത്തിന് പുറത്തും അവശ്യ മരുന്ന് എത്തിക്കാൻ യുവജന കമ്മീഷൻ രൂപീകരിച്ച പദ്ധതി ദേശീയതലത്തിൽ വാർത്താ ശ്രദ്ധ നേടിയിരുന്നു. യുവജനകാര്യ വകുപ്പ്മന്ത്രിയുടെ സഹായത്തോടെ വിദേശത്തും മരുന്ന് എത്തിക്കാൻ യുവജനകമ്മീഷന് ഇക്കാലയളവിൽ കഴിഞ്ഞു.



യുവജന കമീഷന്റെ ഇടപെടൽ

ഷഹല ചികിത്സയ്ക്കായി ചെന്നൈയിലേക്ക്

ഫാത്തിമത്ത് ഷഹലയെ ചികിത്സക്കായി ചെന്നൈയിലേക്ക് കൊണ്ടുപോകുന്നു

കാസർകോട്

പുത്തിഗെ പള്ളത്ത് താമസിക്കുന്ന ധർമ്മത്തടുക്കയിലെ അബ്ദുൾ ഹമീദിന്റെയും ആയിഷത്ത് മിസ്റയുടെയും മകളായ നാലു വയസുകാരി ഫാത്തിമത്ത് ഷഹലയെ ചികിത്സക്കായി ചെന്നൈയിലേക്ക് കൊണ്ടുപോയി. കണ്ണിന് അർബുദം ബാധിച്ച കുട്ടിക്ക് ചെന്നൈയിലെ ശങ്കര നേത്രാലയയിൽ കീമോതെറാപ്പിയുൾപ്പടെ ചികിൽസക്കായാണ് പോയത്. ലോക് ഡൗണിൽ മകളുടെ തുടർ ചികിത്സ മുടങ്ങുമെന്ന ആശങ്കയിലായിരുന്നു കുടുംബം. സംസ്ഥാന യുവജന കമ്മീഷനംഗം കെ മണികണ്ഠൻ ഇടപെട്ടാണ് ചെന്നൈയിൽ ചികിത്സയ്ക്കുള്ള വഴി തുറന്നത്. മന്ത്രി കെ കെ ശൈലജ സാമൂഹ്യ സുരക്ഷാ മിഷന്റെ വി കെയർ പദ്ധതിയിലുൾപ്പെടുത്തി ചികിത്സ ലഭ്യമാക്കാൻ നിർദേശം നൽകി. മടിക്കൈ പാലിയേറ്റീവ് കെയർ ആംബുലൻസാണ് കുട്ടിയുമായി ചെന്നൈയിലേക്ക് പുറപ്പെട്ടത്. ആശുപത്രിയിൽ വേണ്ട സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. താമസ സൗകര്യം ഉൾപ്പെടെ ലഭ്യമാക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മിഷൻ ജില്ലാ കോഡിനേറ്റർ ജിഷോ ജെയിംസ്, യുവജനക്ഷേമ ബോഡ് ജില്ലാ കോഡിനേറ്റർ എ ശിവ പ്രസാദ്, സി എ സുബൈർ എന്നിവർ കുട്ടിയുടെ വീട്ടിലെത്തി യാത്രയയച്ചു.

## കോവിഡ് കാലത്ത് യുവജന കമ്മീഷൻ നടത്തിയ

# മാതൃകാ പ്രവർത്തനങ്ങൾ

- *യുവജന കമ്മീഷൻ വോളന്റിയർമാർ കോവിഡ് രോഗികൾക്ക് ആശുപത്രികളിൽ കൂട്ടിരിപ്പുകാരായി പോകുന്നതടക്കമുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് ഇക്കാലയളവിൽ നേതൃത്വം നൽകി. മുഖ്യമന്ത്രിയുടെ വൈകുന്നേരത്തെ വാർത്താസമ്മേളനത്തിൽ അടക്കം യുവജനക്കമ്മിഷൻ ഇക്കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദിക്കപ്പെടുകയുണ്ടായി.*
- *നിലവിൽ സംസ്ഥാനമൊട്ടാകെ അണുനശീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയാണ് യുവജനകമ്മീഷൻ. യുവജന കമ്മീഷൻ ചെയർപേഴ്സൺ മുതൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധപ്രവർത്തകർ വരെ ഉൾപ്പെടുന്ന ഒരു ജനകീയ ശൃംഖല നിലവിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അണുനശീകരണ പ്രവർത്തനങ്ങളിൽ സജീവമാണ്.*

## രോഗികൾക്ക് ആശ്വാസവുമായി യുവജന കമ്മീഷൻ



സംസ്ഥാനയുവജന കമ്മീഷൻ അംഗം കെ മണികണ്ഠൻ ഫയർഫോഴ്സ് മേധാവിയിൽ നിന്നും മരുന്ന് ശേഖരിക്കുന്നു

**കാസർകോട്**
ജില്ലയിലെ ക്യാൻസർ രോഗികൾക്ക് ഫയർ ഫോഴ്സിന്റെ സഹായത്തോടെ തിരുവനന്തപുരം ആർസിസിയിൽ നിന്നും ജീവൻരക്ഷാമരുന്നുകൾ എത്തിച്ചു. ആവശ്യക്കാരുടെ വിവരങ്ങൾ ഫോൺ വഴിയാണ് ശേഖരിച്ചത് . ഫയർഫോഴ്സിൽ നിന്നും ഏറ്റുവാങ്ങിയ മരുന്നുകൾ സംസ്ഥാനയുവജന കമ്മീഷൻ അംഗം കെ മണികണ്ഠൻ രോഗികളുടെ വീട്ടിൽ എത്തിച്ചു. ആദ്യഘട്ടമായി മരുന്നുകൾ സൗജന്യമായിട്ടാണ് രോഗികൾക്ക് നൽകിയത്. ജില്ലാ കോഡിനേറ്റർ ആൽബിൻ മാത്യു, രാജേഷ് എന്നിവരും ഒപ്പമുണ്ടായിരുന്നു.

## ജീവൻരക്ഷാ മരുന്നുകൾ നൽകി യുവജന കമ്മീഷൻ

പാലക്കാട്: കോവിഡ് 19 വ്യാപനത്തെ തുടർന്ന് ലോക്ക്ഡൗൺ ആരംഭിച്ച ഘട്ടത്തിൽ ക്യാൻസർ രോഗങ്ങൾ ബാധിച്ച് ജീവൻ രക്ഷാമരുന്നുകൾ ലഭിക്കാത്ത വ്യക്തികൾക്ക് മരുന്നുകൾ എത്തിച്ച് മാതൃകയാകുകയാണ് കേരള സംസ്ഥാന യുവജന കമ്മീഷന്റെ പാലക്കാട് ജില്ലാ ഘടകവും. യുവജനകമ്മീഷന്റെ ആസ്ഥാനത്തേക്ക് വന്ന ഫോൺ കോളിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിച്ച് മരുന്നുകൾ ഫയർഫോഴ്സിന്റെ സഹായത്തോട് കൂടിയാണ് എത്തിക്കുന്നത്. യുവജനകമ്മീഷൻ യൂത്ത് ഡിഫെൻസ് ഫോഴ്സ് വോളന്റീർസ് സമാഹരിച്ച മരുന്നുകളുമായാണ് ദൗത്യസംഘം പാലക്കാടിന്റെ വിവിധ പ്രദേശത്ത് ക്യാൻസർ രോഗികൾക്ക് എത്തിക്കുന്നത്. കേരള ഫയർ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ എ. ഹേമചന്ദ്രൻ ഐ. പി. എസ്സിന്റെയും കേരള സംസ്ഥാന യുവജനകമ്മീഷൻ അധ്യക്ഷ ചിന്താ ജെറോമിന്റെയും നേതൃത്വത്തിലാണ് ജീവൻരക്ഷാ മരുന്നുകൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരെ ഒരുക്കുന്നത് അടക്കമുള്ള യുവജന കമ്മീഷന്റെ നടപടികൾ ഇതിനോടകം സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്ന് പ്രശംസ നേടിയിരുന്നു. യുവജനകമ്മീഷന്റെ സന്നദ്ധപ്രവർത്തകർ സംസ്ഥാനത്തെ 14 ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സന്നദ്ധപ്രവർത്തനങ്ങൾ നടത്തി വരികയാണ്.

## കോവിഡ് കാലത്ത് രോഗികൾക്ക് ആശ്വാസമായി യുവജന കമ്മീഷൻ

തിരുവനന്തപുരം: കോവിഡ് 19 വ്യാപനത്തെ തുടർന്ന് ലോക്ഡൗൺ ആരംഭിച്ച ഘട്ടത്തിൽ ക്യാൻസർ രോഗങ്ങൾ ബാധിച്ച് ജീവൻരക്ഷാമരുന്നുകൾ ലഭിക്കാത്ത വ്യക്തികൾക്ക് മരുന്നുകൾ എത്തിക്കുകയാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. യുവജനകമ്മീഷന്റെ ആസ്ഥാനത്തേക്ക് വന്ന ഫോൺ കോളിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിച്ച് മരുന്നുകൾ ഫയർ ഫോഴ്സിന്റെ സഹായത്തോട് കൂടിയാണ് എത്തിക്കുന്നത്. ആദ്യഘട്ട മരുന്ന് വിതരണത്തിനായി കാസർഗോഡ് വരെയുള്ള ജില്ലകളിലേക്കുള്ള ജീവൻരക്ഷാ മരുന്നുകളുമായി ഫയർ ഫോഴ്സിന്റെ വാഹനം ഇന്നലെ രാവിലെ പുറപ്പെട്ടു. യുവജനകമ്മീഷൻ യൂത്ത് ഡിഫെൻസ് ഫോഴ്സ് വോളന്റീർസ് സമാഹരിച്ച മരുന്നുകളുമായാണ് ദൗത്യസംഘം തിരിച്ചത്. മരുന്നുകൾ യുവജന കമ്മീഷൻ സംസ്ഥാന കോ ഓർഡിനേറ്റർമായ അഡ്വ. എം. രൺദീഷ്, ആർ. മിഥുൻഷാ എന്നിവർ സ്റ്റേഷൻ ഓഫീസർ നിതിൻ രാജിന് കൈമാറി. ഫയർ റെസ്ക്യൂ ഓഫീസർമാർ മനുമോഹൻ, ഡ്രൈവർമാരായ സന്തോഷ് പ്രശാന്ത് എന്നിവർ ഏറ്റുവാങ്ങി. സേനാംഗങ്ങളായ പ്രശാന്ത്, സന്തോഷ് എന്നിവരാണ് ദൗത്യസംഘത്തിലുള്ളത്. കേരള ഫയർ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ എ. ഹേമചന്ദ്രന്റെയും കേരള സംസ്ഥാന യുവജനകമ്മീഷൻ അധ്യക്ഷ ചിന്താ ജെറോമിന്റെയും നേതൃത്വത്തിലാണ് ജീവൻരക്ഷാ മരുന്നുകൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരെ ഒരുക്കുന്നത് അടക്കമുള്ള യുവജന കമ്മീഷന്റെ നടപടികൾ ഇതിനോടകം സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്ന് പ്രശംസ നേടിയിരുന്നു. യുവജനകമ്മീഷന്റെ സന്നദ്ധപ്രവർത്തകർ സംസ്ഥാനത്തെ 14 ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സന്നദ്ധപ്രവർത്തനങ്ങൾ നടത്തി വരികയാണ്.

## കോവിഡ് പ്രതിരോധത്തിന് യുവജന കമീഷനും



യുവജന കമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ നേതൃത്വത്തിൽ അണുനശീകരണം നടത്തുന്നു

**നെടുവത്തൂർ**
കോവിഡ് വ്യാപനം തീവ്രമായ പുത്തൂർ ആലയ്ക്കൽ മേഖലയിൽ യുവജന കമീഷന്റെ നേതൃത്വത്തിൽ കശുവണ്ടിഫാക്ടറികൾ, വീടുകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവ അണുവിമുക്തമാക്കി. ഒമ്പതോളം വീടുകളിൽ കോവിഡ് വ്യാപനം ഉണ്ടായ സാഹചര്യത്തിലാണ് അണുനശീകരണം നടത്തിയത്. നിരവധി വീടുകളും വ്യാപാര വ്യവസായ സ്ഥാപനങ്ങളുമുള്ള പ്രദേശമാണിത്. യുവജന കമീഷൻ ചെയർപേഴ്സൺ ചിന്താ ജെറോം, ജില്ലാ ഗ്രീൻ യൂത്ത് കോ–ഓർഡിനേറ്റർ പി അനന്ദു എന്നിവർ നേതൃത്വം നൽകി.

## കർണ്ണാടകയിൽ മരുന്ന് എത്തിച്ച് യുവജനകമ്മിഷൻ

തിരുവനന്തപുരം: കർണ്ണാടകയിലെ മംഗലാപുരത്തുള്ള കാൻസർ രോഗിക്ക് മരുന്ന് എത്തിച്ച് മാതൃക തീർത്ത് സംസ്ഥാന യുവജനകമ്മിഷൻ.

ഒറ്റപ്പാലത്തെ മെഡിക്കൽ സ്റ്റോറിൽ നിന്ന് മരുന്ന് എത്തിക്കാനാവുമോ എന്ന് ചോദിച്ചാണ് യുവജനകമ്മിഷന്റെ ഹെൽപ് ലൈൻ നമ്പറിലേക്ക് കർണ്ണാടക സ്വദേശിയായ മാധുരി ബോലാർ വിളിച്ചത്.

യുവജന കമ്മിഷൻ രോഗികൾക്ക് മരുന്ന് എത്തിക്കുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടാണ് സഹായത്തിന് വിളിച്ചത്.

കൃത്യമായ വിവരങ്ങൾ ചോദിച്ചറിഞ്ഞ പ്രവർത്തകർ മരുന്ന് മറ്റെവിടെയും കിട്ടാത്തതിനാൽ ഒറ്റപ്പാലത്ത് നിന്ന് വാങ്ങി എത്തിക്കുകയല്ലാതെ മറ്റ് മാർഗമില്ല എന്ന് മനസ്സിലാക്കി. തുടർന്ന് മെഡിക്കൽസ്റ്റോറുമായി ബന്ധപ്പെട്ട് ലഭ്യത ഉറപ്പാക്കുകയും പാർസലിനായി ഒരുക്കുകയും ചെയ്തു.

തുടർന്ന് ഷൊർണൂർ ഫയർ ഫോഴ്സ് ഓഫീസിൽ വിളിച്ച സ്റ്റേഷൻ ഓഫീസറുമായി കാര്യങ്ങൾ സംസാരിച്ചു. ഫയർഫോഴ്സ് മരുന്ന് തോൽപ്പട്ടി ബോർഡറിൽ എത്തിച്ചു.

യുവജനകമ്മിഷൻ യൂത്ത് ഡിഫെൻസ് ഫോഴ്സ് വോളണ്ടിയർമാർ സമാഹരിച്ച മരുന്നുകളുമായാണ് ദൗത്യസംഘം കേരളത്തിലെ വിവിധ പ്രദേശത്ത് നാനൂറിലധികം കാൻസർ രോഗികൾക്ക് എത്തിച്ച് കഴിഞ്ഞു.

കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ എ ഹേമചന്ദ്രന്റെയും സംസ്ഥാന യുവജനകമ്മിഷൻ അധ്യക്ഷ ചിന്താ ജെറോമിന്റെയും നേതൃത്വത്തിലാണ് ജീവൻരക്ഷാ മരുന്നുകൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

## ശാസ്ത്രജ്ഞർക്കൊപ്പം മരച്ചുവട്ടിലൊരു സംവാദം

## സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കിനൽകാൻ യുവജനകമ്മീഷൻ അദാലത്തിൽ തീരുമാനമായി

കൊച്ചി: സെൽഫ് ഫിനാൻസിംഗ് കോളേജിൽ ജോലിക്കുവേണ്ടി നൽകിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് അധ്യാപകർക്ക് മടക്കിനൽകാൻ കേരളസംസ്ഥാന യുവജനകമ്മീഷൻ എറണാകുളം ഗസ്റ്റ് ഹൗസിൽ നടന്ന അദാലത്തിൽ തീരുമാനമായി. പെരുമ്പാവൂർ ഐരാപുരം സെൽഫ് ഫിനാൻസിംഗ് കോളേജിൽ ജോലിക്ക് വേണ്ടി രണ്ട് അധ്യാപകർ നൽകിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് രണ്ട് വർഷമായിട്ടും മടക്കി നൽകാത്ത കേസിൽ കേരളസംസ്ഥാന യുവജനകമ്മീഷൻ അദാലത്തിൽ വിളിച്ച് വരുത്തി കുന്നത്ത്നാട് എസ്.ഐ യുടെ സാന്നിധ്യത്തിൽ നിക്ഷേപ തുക തിരികെ നൽകാമെന്ന് കോളേജ് സെക്രട്ടറി ഉറപ്പ് നൽകി. ഇതിന്റെ ആദ്യ ഗഡു അദാലത്തിൽ വെച്ച് തന്നെ നൽകി. അദാലത്തിൽ എട്ട് കേസുകൾ പരിഗണിച്ചതിൽ അഞ്ച് എണ്ണത്തിൽ തീർപ്പ് കൽപ്പിച്ചു. പുതുതായി അഞ്ച് പരാതികൾ കൂടി കമ്മീഷൻ സ്വീകരിച്ചു. കേരളസംസ്ഥാന യുവജനകമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ നേതൃത്വത്തിൽ നടന്ന അദാലത്തിൽ കമ്മീഷൻ മെമ്പർമാരായ വിനിൽ.വി, അബ്ദുള്ളനവാസ്, കമ്മീഷൻ സെക്രട്ടറി ഡി.സന്തോഷ്കുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സീന എ.എൻ, അസിസ്റ്റന്റ്മാരായ മനോജ്.സി.ഡി, സരിതാകുമാരി.എൻ.എം എന്നിവർ പങ്കെടുത്തു.



കേരളസംസ്ഥാന യുവജനകമ്മീഷന്റെ നേതൃത്വത്തിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ കേരളസംസ്ഥാന യുവജനകമ്മീഷൻ ചെയർപേഴ്സൺ ചിന്താജെറോമിന്റെ നേതൃത്വത്തിൽ നടത്തിയ അദാലത്ത്

യുവജന കമ്മീഷൻ സിറ്റിങ്

## പരാതികളുമായി എൻഡോസൾഫാൻ ദുരിതബാധിതർ മുതൽ ഭിന്നലിംഗക്കാർ വരെ

● ലഭിച്ച 15 പരാതികളിൽ മൂന്നെണ്ണം തീർപ്പാക്കി



## സ്ത്രീധനം : ഭർത്താവിന്റെ ആസിഡ് ആക്രമണത്തിന് ഇരയായ യുവതിയെ ചിന്താ ജെറോം സന്ദർശിച്ചു

പത്തനാപുരം > സ്ത്രീധനം കൂടുതൽ ആവശ്യപ്പെട്ട് ഭർത്താവിന്റെ ക്രൂര മർദനത്തിനും ആസിഡ് ഒഴിക്കലിനും വിധേയമായ യുവതിയെ യുവജനക്ഷേമ ബോഡ് ചെയർപേഴ്സൺ ചിന്താ ജെറോം സന്ദർശിച്ചു. പുനലൂർ പിറവന്തൂർ ധന്യാ ഭവനിൽ ബാലകൃഷ്ണനാചാരിയുടെ മകൾ ധന്യ കൃഷ്ണനെയാണ് കഴിഞ്ഞ ദിവസം ചിന്താ ജെറോം സന്ദർശിച്ചത്. ഇവരുടെ ഭർത്താവ് ചെങ്ങന്നൂർ മുളക്കുഴ കാരയ്ക്കാട് പള്ളിപ്പടിക്ക് സമീപം മനുമംഗലത്ത് ബിനുകുമാറാണ് ധന്യയെ ആസിഡ് ഒഴിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത്.



▸ ധന്യയെ പിറവന്തൂരിലെ വീട്ടിൽ എത്തി ചിന്താ ജെറോം സന്ദർശിച്ചപ്പോൾ

ചികിത്സയ്ക്ക് വേണ്ട സഹായം നൽകാമെന്നും, പൊലീസിനോട് സംഭവത്തിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ചിന്ത ധന്യയോട് പറഞ്ഞു. ഭർത്താവിനൊപ്പം കഴിയുന്ന മുത്തമകളെ ധന്യയോടൊപ്പം വിടാൻ വേണ്ട നടപടി എടുക്കാം. എന്നും, അവർ പറഞ്ഞു. ഡിവൈഎഫ്ഐ ബ്ലോക്ക് സെക്രട്ടറി ആർ എൻ വിഷ്ണു കുമാർ, പ്രസിഡന്റ് രതീഷ്, സിപിഐ എം ലോക്കൽ കമ്മിറ്റി സെക്രട്ടറി സോമരാജൻ, സോമൻ, മോഹനൻ,സുധാവനന്തൻ എന്നിവർ ചിന്തയ്ക്കൊപ്പം ഉണ്ടായിരുന്നു.

## ലോകസിനിമ കൊല്ലത്തേക്ക്



## വെള്ളാപ്പള്ളി എൻജി. കോളജിലെ ഇടിമുറി അടച്ചുപൂട്ടാൻ യുവജന കമീഷൻ ഉത്തരവ്

● രക്ഷിതാക്കളാകേണ്ട അധ്യാപകർ പ്രതികളായി വരുന്നതിൽ ആശങ്കയെന്ന് ചിന്ത ജറോം

ലോ കോളേജ്: ഒരു മാസത്തിനകം റിപ്പോർട്ട്

## സമർപ്പിക്കാൻ യുവജന കമീഷൻ നിർദ്ദേശം



■ ദുരിതാശ്വാസനിധി

## ക്യാമ്പയിനുമായി യുവജന കമീഷൻ

**തിരുവനന്തപുരം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സഹായം സ്വരൂപിക്കാൻ ക്യാമ്പയിനുമായി യുവജന കമീഷൻ. 'ഞങ്ങടെ കൊടുക്ക് ബ്രോ... മ്മടെ കേരളത്തിന്' ക്യാമ്പയിനിൽ 100 രൂപയോ അതിന്റെ ഗുണിതങ്ങളോ ദുരിതാശ്വാസനിധിയിലേക്കു നൽകി യുവാക്കൾക്ക് പങ്കാളികളാകാം.

യുവജനസംഘടനകൾക്കും സാംസ്കാരിക, നവമാധ്യമ കൂട്ടായ്മകൾക്കുമെല്ലാം ഇതിന്റെ ഭാഗമാകാം. യുവാക്കളിൽനിന്ന് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് യുവജന കമീഷൻ അധ്യക്ഷ ചിന്ത ജെറോം അറിയിച്ചു.

## യുവജന കമീഷൻ കേസെടുത്തു

തിരുവനന്തപുരം > പാലക്കാട് അട്ടപ്പാടിയിൽ മോഷണക്കുറ്റം ആരോപിച്ച് നാട്ടുകാർ യുവാവിനെ മർദിച്ചുകൊന്ന സംഭവത്തിൽ മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന യുവജന കമീഷൻ സ്വമേധയാ കേസെടുത്തു.

സംഭവത്തിൽ ജില്ലാ പൊലീസ് മേധാവിയോട് അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടതായി ചെയർപേഴ്സൺ അറിയിച്ചു.

## കർഷകക്ഷേമനിധി ബിൽ പരിഗണനയിൽ -മന്ത്രി കെ. കൃഷ്ണൻകുട്ടി



കേരളസംസ്ഥാന യുവജനകമ്മിഷൻ സംഘടിപ്പിച്ച യുവകർഷക സംഗമം ജലവിഭവമന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

**പാലക്കാട് ▸** കർഷകനെ സേവകനായി അംഗീകരിച്ച് സംരക്ഷിക്കുന്നതിനുള്ള ബില്ല് കർഷക ക്ഷേമ നിധിബോർഡിന്റെ പരിഗണനയിലാണെന്ന് ജലവിഭവമന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. സംസ്ഥാന യുവജനകമ്മിഷൻ സംഘടിപ്പിച്ച യുവകർഷക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കെ.പി.എം. റസിഡൻസിയിൽ നടന്ന പരിപാടിയിൽ യുവജന കമ്മിഷൻ അംഗം ടി. മഹേഷ് അധ്യക്ഷനായി.

സംസ്ഥാന കോ-ഓർഡിനേറ്റർ എം. രൺദീഷ്, ജില്ലാ കോ-ഓർഡിനേറ്റർമാരായ ടി.എം. ശശി, എം. ജാസിർ ഹുസൈൻ എന്നിവർ സംസാരിച്ചു. കെ.വി. ബിജു, അബൂബക്കർ സിദ്ദിഖ് എന്നിവർ ക്ലാസെടുത്തു.

## നെഹ്റു കോളേജ് വിദ്യാർഥികളുടെ അവകാശം സംരക്ഷിക്കണം: യുവജന കമ്മീഷൻ

**തിരുവനന്തപുരം >** പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, ലക്കിടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന നെഹ്റു ഗ്രൂപ്പ് ഓഫ് കോളേജിലെ വിദ്യാർഥികൾ നേരിടുന്ന പ്രശ്നങ്ങളിൽ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് സംസ്ഥാന യുവജന കമ്മീഷൻ.

വിദ്യാർഥികളുടെ വ്യക്തിസ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും ഹനിക്കുന്ന തരത്തിലുള്ള നടപടികൾ കോളേജ് അധികൃതരുടെ ഭാഗത്തു

## കുഞ്ഞിന് കരൾ മാറ്റിവയ്ക്കൽ: 15 ലക്ഷം രൂപ അനുവദിച്ചു

**കൊല്ലം •** കരൾരോഗം ബാധിച്ചു ചികിത്സയിലായിരുന്ന ആറുമാസം പ്രായമുള്ള കുഞ്ഞിനു സംസ്ഥാന യുവജന കമ്മിഷൻ ഇടപെടലിനെത്തുടർന്നു ചികിത്സാ സഹായം ലഭിച്ചു. കൊല്ലം തിരുമുല്ലവാരം സ്വദേശി സിറാജുദീന്റെ മകൻ മുഹമ്മദ് അഹ്സാനാണു കരൾ മാറ്റിവയ്ക്കുന്നതിനായി സാമൂഹിക സുരക്ഷ മിഷനിൽ നിന്നു 15 ലക്ഷം രൂപ അനുവദിച്ചത്. അഹ്സാൻ തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. രോഗം മൂർച്ഛിച്ചതോടെ കരൾ മാറ്റിവയ്ക്കണമെന്നു ഡോക്ടർ നിർദേശിച്ചു. തുടർന്നു കുഞ്ഞിനെ ശസ്ത്രക്രിയയ്ക്കായി എറണാകുളത്തെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു മാറ്റി.

കരൾ പകുത്തു നൽകാൻ കുഞ്ഞിന്റെ മാതാവ് തയാറായെങ്കിലും ശസ്ത്രക്രിയയ്ക്കുള്ള ഭീമമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണു പിതാവ് യുവജന കമ്മിഷനെ സമീപിച്ചത്. തുടർന്നു കമ്മിഷൻ മന്ത്രി ഇ.പി.ജയരാജനുമായി ചർച്ച നടത്തി പണം അനുവദിക്കാൻ നിർദേശം നൽകി.

സാമൂഹിക സുരക്ഷ മിഷന്റെ 'വി കെയർ' പദ്ധതിയിൽ ഉൾപ്പെടുത്തി ശസ്ത്രക്രിയ നടത്തിയ സ്വകാര്യ ആശുപത്രിയുടെ അക്കൗണ്ടിലേക്കാണു തുക നൽകുക. ശസ്ത്രക്രിയയ്ക്കുശേഷം അഹ്സാൻ സുഖം പ്രാപിച്ചുവരുന്നു.

## വിദ്യാർഥിയുടെ മരണം: യുവജന കമ്മിഷൻ കോളേജ് സന്ദർശിച്ചു

**തിരുവനന്തപുരം ▸** കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജമെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജിയിലെ ഹോസ്പിറ്റാലിറ്റി ആൻഡ് ഹോട്ടൽ അഡ്മിനിസ്ട്രേഷൻ വിഭാഗം രണ്ടാം വർഷ വിദ്യാർഥി പശ്ചിമബംഗാൾ സ്വദേശി സ്വർണേന്ദു മുഖർജി ആത്മഹത്യ ചെയ്ത സംഭവത്തിൽ യുവജന കമ്മിഷൻ അംഗങ്ങൾ കോളേജ് സന്ദർശിച്ചു.

വിദ്യാർഥി ആത്മഹത്യ ചെയ്ത സംഭവം നിർഭാഗ്യകരമെന്ന് കേരള സംസ്ഥാന യുവജന കമ്മിഷൻ ചെയർപേഴ്സൺ ചിന്താജെറോം അഭിപ്രായപ്പെട്ടു. പ്രിൻസിപ്പൽ എൽ.വി.കുമാറിനോടും വിദ്യാർഥികളോടും അംഗങ്ങൾ വിശദാംശങ്ങൾ ആരാഞ്ഞു.

സംഭവത്തെക്കുറിച്ച് സംസ്ഥാന യുവജന കമ്മിഷൻ സ്വമേധയാ കേസെടുത്ത് ജില്ലാ പോലീസ് മേധാവി, കോളേജ് പ്രിൻസിപ്പൽ എന്നിവരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്മിഷൻ അംഗം ദീപു രാധാകൃഷ്ണൻ, സെക്രട്ടറി ഡി.സന്തോഷ്കുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സീന എ.എൻ., അസിസ്റ്റന്റ് വൃന്ദ എന്നിവർ ഒപ്പമുണ്ടായിരുന്നു.

## ഭിന്നശേഷിക്കാർക്ക് ലൈബ്രറികളിൽ റാംപ് ഒരുക്കണം

**കൊച്ചി**

ഭിന്നശേഷിക്കാർക്ക് കേരളത്തിലെ പബ്ലിക് ലൈബ്രറികളിലും യൂണിവേഴ്സിറ്റി ലൈബ്രറികളിലും സുഗമമായ പ്രവേശനത്തിന് റാംപ് സൗകര്യമൊരുക്കാൻ സംസ്ഥാന യുവജന കമീഷൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ശുപാർശ നൽകി. റാംപ് സൗകര്യത്തിന്റെ അഭാവത്തിൽ ലൈബ്രറി സേവനങ്ങൾ പ്രയോജനപ്പെടുത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് യുവജന കമീഷൻ സ്വമേധയാ ശുപാർശ നൽകിയത്. പബ്ലിക് ലൈബ്രറികളും പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കാനുള്ള ദീർഘകാല പ്രവർത്തനങ്ങളുടെ ആരംഭമാണ് കമീഷൻ ലക്ഷ്യമിടുന്നതെന്ന് യുവജന കമീഷൻ ചെയർപേഴ്സൺ ചിന്താ ജെറോം അറിയിച്ചു. ശുപാർശയ്ക്കുമേൽ സ്വീകരിച്ച നടപടിക്രമങ്ങൾ ഒരു മാസത്തിനകം കമീഷനെ അറിയിക്കാനും നിർദേശിച്ചിട്ടുണ്ട്.

## സ്വകാര്യ ബസുകളിൽ വിദ്യാർഥികളോട് വിവേചനം: കർശന നടപടി വേണമെന്ന് യുവജന കമീഷൻ

● അദാലത്തിൽ പരിഗണിച്ച 10 പരാതികളിൽ ഏഴെണ്ണം തീർപ്പാക്കി

**കോട്ടയം:** സ്വകാര്യ ബസുകളിൽ വിദ്യാർഥികളോട് മോശമായി പെരുമാറുന്ന ജീവനക്കാർക്കെതിരെ കർശന നടപടി വേണമെന്ന് സംസ്ഥാന യുവജന കമീഷൻ. ചങ്ങനാശ്ശേരി എസ്.ബി കോളജ് വിദ്യാർഥിനി മെർലിൻ സൂസൻ മാത്യു സമർപ്പിച്ച പരാതി പരിഗണിച്ച കമീഷൻ കോട്ടയം, പത്തനംതിട്ട ആർ.ടി.ഒമാർക്ക് തുടർ നടപടികൾക്ക് നിർദേശം നൽകി. ഇക്കാര്യം സംസ്ഥാന ട്രാൻസ്പോർട്ട് കമീഷണറുടെ ശ്രദ്ധയിൽപെടുത്തുമെന്നും കലക്ടറേറ്റിൽ നടന്ന അദാലത്തിൽ കമീഷൻ അധ്യക്ഷ ചിന്ത ജെറോം പറഞ്ഞു.

ബസ് പുറപ്പെടുന്നതിനു തൊട്ടുമുമ്പ് മാത്രം കയറാൻ അനുവദിക്കുക, ഇരുന്ന് യാത്ര ചെയ്യാൻ അനുവദിക്കാതിരിക്കുക തുടങ്ങി ജീവനക്കാരുടെ വിവേചന നടപടികൾ ചൂണ്ടിക്കാട്ടിയായിരുന്നു പരാതി. ഹോട്ടൽ മേഖലയിലെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് മതിയായ വേതനം ലഭിക്കുന്നില്ലെന്ന ഇ-മെയിൽ പരാതിയിൽ നടപടി സ്വീകരിക്കാനും തീരുമാനിച്ചു. കമീഷന്റെ നിർദേശപ്രകാരം ജില്ല ലേബർ ഓഫിസർ നടത്തിയ പരിശോധനയിൽ പരാതി വസ്തുതാപരമാണെന്ന് കണ്ടെത്തിയിരുന്നു. അദാലത്തിൽ പരിഗണിച്ച 10 പരാതികളിൽ ഏഴെണ്ണം തീർപ്പാക്കി. മൂന്ന് പരാതികൾ അടുത്ത അദാലത്തിലേക്ക് മാറ്റിവെച്ചു.

കമീഷൻ അംഗം തുഷാര ചക്രവർത്തി, സെക്രട്ടറി ടി.കെ. ജയശ്രീ, സി.ടി. മനോജ് എന്നിവരും പങ്കെടുത്തു.



സംസ്ഥാന യുവജന കമീഷൻ അധ്യക്ഷ ചിന്ത ജെറോമിന്റെ നേതൃത്വത്തിൽ കോട്ടയം കലക്ടറേറ്റിൽ നടത്തിയ അദാലത്ത്

## ഐക്യരാഷ്ട്ര സഭയുടെ ദുരന്ത ലഘൂകരണ പദ്ധതികൾ കേരളത്തിൽ നടപ്പാക്കും



# മാധ്യമവാർത്തകളിലൂടെ...




യുവജന കമ്മീഷന്റെ പ്രതിരോധപ്രവർത്തനങ്ങൾ

MANORAMA NEWS

▸ യുവജനകമ്മീഷൻ നിർദേശം

## വായ്പാ കുടിശിക: വാഹനം പിടിച്ചെടുത്ത ബാങ്ക് മാനേജർക്കെതിരെ ക്രിമിനൽ കേസെടുക്കണം

പത്തനംതിട്ട ∙ ബാങ്ക് വായ്പ എടുത്ത് മത്സ്യകച്ചവടത്തിനായി വാങ്ങിയ പെട്ടി ഓട്ടോ മുന്നു തവണത്തെ വായ്പാ കുടിശികയുടെ പേരിൽ നടപടിക്രമങ്ങൾ പാലിക്കാതെ പിടിച്ചെടുത്ത ബാങ്ക് മാനേജർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ സംസ്ഥാന യുവജനകമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ അധ്യക്ഷതയിൽ പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നടന്ന യുവജന കമ്മീഷൻ അദാലത്ത് നിർദേശം നൽകി. ഇലവുംതിട്ട സ്വദേശിയായ ഷാബു ഇൻഡസ് ഇൻഡ് ബാങ്കിൽ നിന്ന് പെട്ടിഓട്ടോ വാങ്ങുന്നതിനായി വായ്പ എടുത്തിരുന്നു. കർഷകനായ അപേക്ഷകൻ വായ്പയിൽ മുന്ന് തവണ കുടിശിക വരുത്തി.

ബാങ്കിന്റെ നിർദേശ പ്രകാരം എത്തിയ ആളുകൾ വെള്ളപ്പൊക്കത്തിൽ പെട്ടുകിടന്നിരുന്ന വാഹനം കെട്ടിവലിച്ച് കൊണ്ടുപോയി. ഇങ്ങനെ കൊണ്ടുപോയ വാഹനം അപകടത്തിൽപെടുകയും എഞ്ചിൻ പണി ചെയ്യാതെ പുറത്തിറക്കാൻ കഴിയാത്ത സ്ഥിതിയിലായി. വായ്പാ കുടിശിക യായിരുന്ന മുന്ന് ഗഡു ഒടുക്കി വാഹനം തിരികെ ആവശ്യപ്പെട്ട ഉടമസ്ഥനോട് വാഹനം റിപ്പയർ ചെയ്ത് നൽകാൻ കഴിയില്ല എന്ന മറുപടിയാണ് ബാങ്ക് അധികൃതർ നൽകിയതെന്ന് അപേക്ഷകൻ കമ്മീഷന് മുമ്പാകെ അറിയിച്ചു. നടപടിക്രമങ്ങൾ പാലിക്കാതെ വാഹനം പിടിച്ചെടുക്കുകയും തുടർന്ന് അപകടത്തിൽപ്പെട്ട വാഹനം റിപ്പയർ ചെയ്ത് നൽകാൻ തയാറാകാത്തതുമായ ബാങ്കിന്റെ നടപടി അംഗീകരിക്കാൻ കഴിയില്ലെന്ന് കമ്മീഷൻ വിലയിരുത്തി. വായ്പ കുടിശിക കൂടാതെ അടയ്ക്കേണ്ട ബാധ്യത അപേക്ഷകനുണ്ട്. എന്നാൽ നിയമസംവിധാനങ്ങളെ നോക്കുകുത്തികളാക്കി ബാങ്ക് എടുത്ത നടപടി അംഗീകരിക്കാൻ കഴിയില്ലെന്ന് കമ്മീഷൻ വിലയിരുത്തി. ബാങ്ക് മാനേജർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കാൻ കമ്മീഷൻ ജില്ലാ പൊലീസ് മേധാവിയോട് ആവശ്യപ്പെട്ടു.

കോന്നി ഗ്രാമപഞ്ചായത്തിലെ ഒരംഗവും പൊലീസുമായി ഒരു വർഷം മുമ്പ് നടന്ന സംഘർഷം സംബന്ധിച്ച വിഷയത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടന്നുവരുന്ന വകുപ്പുതല നടപടികൾ ഊർജിതപ്പെടുത്താനും ജനപ്രതിനിധി നൽകിയ പരാതിയിന്മേൽ പൊലീസുകാർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യാതിരുന്ന വിഷയത്തിൽ വിശദീകരണം തേടാനും കമ്മീഷൻ നിർദേശിച്ചു.

11 കേസുകളാണ് കമ്മീഷൻ അദാലത്തിൽ പരിഗണിച്ചത്. ഇതിൽ അഞ്ച് കേസുകൾ തീർപ്പാക്കി. ആറ് കേസുകളിൽ റിപ്പോർട്ട് ആവശ്യപ്പെടാനും തീരുമാനിച്ചു. കമ്മീഷൻ അംഗങ്ങളായ അഡ്വ.കെ യു ജനീഷ് കുമാർ, ദീപു രാധാകൃഷ്ണൻ, അഡ്വ. ഐ സാജു, വി വിനിൽ, കമ്മീഷൻ സെക്രട്ടറി ജോക്കോസ് പണിക്കർ തുടങ്ങിയവർ പങ്കെടുത്തു.



▸ യുവജനകമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ അധ്യക്ഷതയിൽ പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നടന്ന സിറ്റിങ്

## നാടിനായി യൗവനങ്ങൾ

LOCKDOWN 4-ാം ദിവസം

തിരുവനന്തപുരം

[illegible]

### നാടിനായി ഞാനും: സി കെ വിനീത്

[illegible]



[illegible]

## ഇൻഡോർ സ്റ്റേഡിയത്തിൻെറയും സിന്തറ്റിക് ട്രാക്കിൻെറയും നിർമാണം ഉടൻ പൂർത്തിയാക്കണം –സംസ്ഥാന യുവജന കമീഷൻ

**പാലക്കാട്:** ഇൻഡോർ സ്റ്റേഡിയത്തിൻെറയും മെഡിക്കൽ കോളജ് സിന്തറ്റിക് ട്രാക്കിൻെറയും നിർമാണം ഉടൻ പൂർത്തിയാക്കാൻ സംസ്ഥാന യുവജന കമീഷൻ സ്പോർട്സ് കൗൺസിലിന് ശിപാർശ നൽകും. ജില്ല കലക്ടറേറ്റ് സമ്മേളന ഹാളിൽ കമീഷൻ നടത്തിയ ജില്ലതല അദാലത്തിലാണ് തീരുമാനം.

ജില്ലയിലെ സർക്കാർ-എയ്ഡഡ് കോളജുകളിൽ സോഷ്യോളജി കോഴ്സ് അനുവദിക്കാൻ കാലിക്കറ്റ് സർവകലാശാലയോടും ഉന്നത വിദ്യാഭ്യാസ വകുപ്പിനോടും ആവശ്യപ്പെടും. ശ്രീകൃഷ്ണപുരത്ത് പിതാവ് മക്കളെ മർദിച്ചെന്ന കേസിൽ പൊലീസ് നടപടികളുടെ റിപ്പോർട്ട് ജില്ല പൊലീസ് മേധാവിയോട് ആവശ്യപ്പെടും. ലാസ്റ്റ് ഗ്രേഡ് നിയമനം കൂടുതൽ കാര്യക്ഷമമാക്കാനും ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാനും പി.എസ്.സിയോട് ആവശ്യപ്പെടുമെന്നും കമീഷൻ അംഗങ്ങൾ പറഞ്ഞു. 12 പരാതികൾ ലഭിച്ചു. യുവജന കമീഷൻ അംഗങ്ങളായ ടി. മഹേഷ്, കെ.കെ. ദിവ്യ, സംസ്ഥാന കോഓഡിനേറ്റർമാരായ എം. രൺദീഷ്, ഷീന സി. കുട്ടപ്പൻ, എം. സലീം, ജില്ല കോഓഡിനേറ്റർ എസ്. കിഷോർ എന്നിവർ അദാലത്തിൽ പങ്കെടുത്തു.

വിദ്യാർഥി പീഡനം

## യുവജന കമീഷൻ ഇന്ന് മൊഴിയെടുക്കും

കറ്റാനം: കട്ടച്ചിറ വെള്ളാപ്പള്ളി നടേശൻ കോളജിലെ വിദ്യാർഥി പീഡന വിഷയത്തിൽ കോളജ് അധികൃതരിൽനിന്ന് യുവജന കമീഷൻ ശനിയാഴ്ച മൊഴിയെടുക്കും.

മാനേജർ സുഭാഷ് വാസു, പ്രിൻസിപ്പൽ എന്നിവർക്ക് കമീഷൻ മുമ്പാകെ ഹാജരാകണമെന്ന് അറിയിച്ച് സമൻസ് അയച്ചിട്ടുണ്ട്. ശനിയാഴ്ച ഉച്ചക്ക് തിരുവനന്തപുരത്തെ കമീഷൻ ആസ്ഥാനത്ത് ഇവരിൽനിന്ന് വിവരങ്ങൾ ചോദിച്ചറിയുമെന്ന് ചെയർപേഴ്സൺ ചിന്ത ജെറോം 'മാധ്യമ'ത്തോട് പറഞ്ഞു.

പരാതിക്കാരായ രണ്ട് വിദ്യാർഥിനികളും കമീഷൻ മുമ്പാകെ ഹാജരാകും.

വിദ്യാർഥികളെ മർദിക്കാറുള്ള കോളജ് ജീവനക്കാരൻ ബിനുവിൻെറ വിലാസം ലഭിക്കാതിരുന്നതിനാൽ നോട്ടീസ് അയക്കാൻ കഴിഞ്ഞിട്ടില്ല.

വെള്ളാപ്പള്ളി കോളജിൽ ഇടിമുറിയുണ്ടെന്നാരോപിച്ച് മൂന്നുമാസം മുമ്പാണ് വിദ്യാർഥികൾ രംഗത്തിറങ്ങിയത്.

പരാതി പറയുന്നവരെ ഇടിമുറിയിൽ വെച്ച് മാരകമായി മർദിക്കുകയാണെന്ന് സാമൂഹ മാധ്യമങ്ങളിലൂടെ വിദ്യാർഥികൾ വെളിപ്പെടുത്തിയതോടെ വിദ്യാർഥി സംഘടനകൾ രംഗത്തെത്തുകയായിരുന്നു.

കാൻറീനിലെത്തിയ വിദ്യാർഥിനികളോട് അപമര്യാദയായി പെരുമാറിയെന്ന പരാതിയിൽ കോളജ് മാനേജറും ബി.ഡി.ജെ.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയുമായ സുഭാഷ് വാസുവിനെതിരെ വള്ളികുന്നം പൊലീസ് കേസ് എടുത്തിരുന്നു. മുസ്‌ലിം വിദ്യാർഥികൾക്ക് വെള്ളിയാഴ്ച പ്രാർഥനക്ക് അവസരം നിഷേധിക്കുന്നതും പ്രതിഷേധത്തിന് കാരണമായിരുന്നു. തുടർന്ന് യുവജന കമീഷൻ കോളജിലെത്തി തെളിവെടുപ്പ് നടത്തിയെങ്കിലും സുഭാഷ് വാസു ഹാജരാകാൻ തയാറായിരുന്നില്ല.



ഗ്രീൻ സോൺ പദ്ധതി വട്ടപ്പാറ പേഴുംമൂട്ടിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

## യുവജന കമീഷൻ ഗ്രീൻ സോൺ പദ്ധതിക്ക് തുടക്കമായി

**തിരുവനന്തപുരം**

സംസ്ഥാന യുവജന കമീഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പച്ചക്കറി കൃഷി പദ്ധതിയായ ഗ്രീൻ സോണിന് തുടക്കമായി. വട്ടപ്പാറ പേഴുംമൂടിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പേഴുംമൂട്ടിൽ ആറ് ഏക്കർ തരിശുഭൂമിയിലാണ് കൃഷി. യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുകയും ഭക്ഷ്യ സ്വയം പര്യാപ്തതയുമാണ് ലക്ഷ്യം. യുവജന കമീഷന്റെ സന്നദ്ധ പ്രവർത്തകരാണ് കൃഷി പരിപാലനം.

യുവജന കമീഷൻ ചെയർപേഴ്സൺ ചിന്ത ജെറോം, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി ബിജു, കമീഷൻ അംഗം ദിപു രാധാകൃഷ്ണൻ, സംസ്ഥാന കോ ഓർഡിനേറ്റർമാരായ അഡ്വ. എം രൺദീഷ്, ആർ മിഥുൻഷാ, ജില്ലാ കോഓർഡിനേറ്റർ ആർ അമൽ, പഞ്ചായത്ത് അംഗം ലേഖ തുടങ്ങിയവർ പങ്കെടുത്തു.

## വനിതാ കമീഷനും യുവജനകമീഷനും കേസെടുത്തു

**കൊല്ലം**

വിവാഹത്തിൽനിന്ന് വരൻ പിന്മാറിയതിന്റെ മനോവിഷമത്തിൽ യുവതി ആത്മഹത്യചെയ്ത സംഭവത്തിൽ സംസ്ഥാന വനിതാ കമിഷനും യുവജന കമിഷനും കേസെടുത്തു. ആത്മഹത്യ ചെയ്ത റംസിയുടെ കൊട്ടിയം കൊട്ടുമ്പുറത്തെ വീട് സന്ദർശിച്ച വനിതാ കമിഷൻ അംഗം ഷാഹിദ കമാലിന് റംസിയുടെ മാതാപിതാക്കൾ നൽകിയ പരാതിയെ തുടർന്നാണ് കേസെടുത്തത്. ഇത്തരം സംഭവങ്ങൾ സമൂഹത്തിൽ ആവർത്തിക്കാതിരിക്കാനും പ്രതിക്ക് അർഹമായ ശിക്ഷ ലഭ്യമാക്കാനും കമിഷൻ ഇടപെടുമെന്ന് ഷാഹിദ കമാൽ പറഞ്ഞു. ആത്മഹത്യ ചെയ്യാനുള്ള കാരണത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ കൊട്ടിയം സിഐക്ക് നിർദേശം നൽകി. അന്വേഷണത്തിന്റെ വിശദാംശങ്ങൾ കമിഷന് റിപ്പോർട്ട് ചെയ്യാൻ നിർദേശിച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു. അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ കൊട്ടിയം ഏരിയ പ്രസിഡന്റ് ജെ ഷാഹിദ, സെക്രട്ടറി ഗിരിജകുമാരി എന്നിവരും ഷാഹിദാ കമാലിനൊപ്പമുണ്ടായിരുന്നു.

സംഭവത്തിൽ സ്വമേധയാ കേസെടുത്ത യുവജന കമിഷൻ രണ്ടാഴ്ചയ്ക്കകം നൽകാനായി സമഗ്രമായ അന്വേഷണ റിപ്പോർട്ട് നൽകാൻ ജില്ലാ പൊലീസ് മേധാവിയോട് ആവശ്യപ്പെട്ടു. യുവതിയുടെ കുടുംബത്തിന് എല്ലാവിധ പിന്തുണയും ഉണ്ടാകുമെന്ന് കമിഷൻ അധ്യക്ഷ ചിന്താ ജെറോം പറഞ്ഞു.

## പരാതി പരിഹാരം ഓൺലൈനിലാക്കി സംസ്ഥാന യുവജന കമീഷൻ

**തിരുവനന്തപുരം**

കോവിഡ് –19ന്റെ പശ്ചാത്തലത്തിൽ പരാതി പരിഹാരം ഓൺലൈനിലാക്കി യുവജന കമീഷൻ. പ്രളയദുരിതകാലത്ത് കായിക സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട ചേർത്തല വാരനാട് വേലശേരി വി ആർ രാഹുലാണ് കമീഷന്റെ ഓൺലൈനിലെ ആദ്യ പരാതിക്കാരൻ. ഐടിഐ പഠനം പൂർത്തിയാക്കിയ രാഹുൽ വോളിബോൾ താരമാണ്. കായിക സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതിനാൽ സ്പോർട്സ് ക്വാട്ടയിൽ സർക്കാർ ജോലിക്ക് അപേക്ഷിക്കാൻ നിർവാഹമില്ലെന്ന് വീഡിയോ കോൺഫറൻസിലൂടെ രാഹുൽ കമീഷനെ അറിയിച്ചു. ഇടിഞ്ഞുവീഴാറായ പഴയ വീട്ടിൽ കഴിയുന്ന രാഹുൽ പെയിന്റിങ്, മൈക്കാട് ജോലികളിലൂടെയാണ് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നത്. തിങ്കളാഴ്ച ഡിപിഐയിൽനിന്ന് സർട്ടിഫിക്കറ്റിന്റെ പകർപ്പ് വാങ്ങി അടുത്തദിവസം രാഹുലിന് കൈമാറുമെന്ന് യുവജന കമീഷൻ അധ്യക്ഷ ചിന്ത ജെറോം

പറഞ്ഞു. ഓൺലൈനായി അദാലത്ത് സംഘടിപ്പിക്കുന്ന കാര്യവും കമീഷന്റെ പരിഗണനയിലുണ്ട്.

## കിലോമീറ്റർ താണ്ടിയ കരുതലിന്റെ കരങ്ങൾ

**സ്വന്തം ലേഖകൻ**

**മല്ലപ്പള്ളി**

എറണാകുളം ലിസി ആശുപത്രിയിൽ നിന്ന് വെണ്ണിക്കുളം വരെ അവർ സ്നേഹകരങ്ങൾ കോർത്തു. വൃക്ക സംബന്ധമായ രോഗത്തെ തുടർന്ന് ചികിത്സയിൽ കഴിയുന്നയാളിന് മരുന്നുകൾ തീർന്ന് ഒരാഴ്ചയായി ബുദ്ധിമുട്ടിലായിരുന്നു വെണ്ണിക്കുളം സ്വദേശി. എറണാകുളം ലിസി ആശുപത്രിയിലെ ചികിത്സയിലാണ്. ലോക്ഡൗണായതിനാൽ ജില്ലകൾ കടന്ന് പോകേണ്ടിയിരുന്നതിനാൽ മരുന്ന് വാങ്ങാനാവാതെ കഴിയുകയായിരുന്നു.



എറണാകുളത്ത് നിന്ന് എത്തിച്ച മരുന്ന് വെണ്ണിക്കുളത്ത് മാധ്യമ പ്രവർത്തകൻ ഷിജു സ്കറിയക്ക് കൈമാറുന്നു

ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ട മാധ്യമ പ്രവർത്തകൻ ഷിജു സ്കറിയ വിവരം സംസ്ഥാന യുവജന കമീഷൻ അധ്യക്ഷ ചിന്താ ജെറോമിന്റെ ശ്രദ്ധയിൽപ്പെടുത്തി. പിന്നീട് എല്ലാ നീക്കങ്ങളും ശരവേഗത്തിലായിരിന്നു. മരുന്ന് എത്തിക്കേണ്ട ചുമതല യുവജന കമീഷൻ സംസ്ഥാന കോ ഓഡിനേറ്റർ ഒറ്റപ്പാലം സ്വദേശി അഡ്വ. എം രൺദീഷിന് നൽകി. വെള്ളിയാഴ്ച രാവിലെ ലിസി ആശുപത്രിയിൽ നിന്ന് മരുന്നു വാങ്ങാൻ വളന്റിയറായി എത്തിയത് ഹനാൻ ആയിരുന്നു. പഠനത്തിനും കുടുംബത്തെ നോക്കുന്നതിനുമായി കൊച്ചി നഗരത്തിൽ മത്സ്യ വിൽപ്പന നടത്തിയ ഹനാൻ മരുന്ന് വാങ്ങി എറണാകുളത്തെ ഗാന്ധി നഗർ ഫയർ സ്റ്റേഷനിൽ എത്തിച്ചു.

എറണാകുളം ജില്ലാ അതിർത്തിയായ തലയോലപ്പറമ്പിൽ എത്തിച്ച മരുന്ന് കോട്ടയത്തെ ഫയർഫോഴ്സ് അധികൃതർ ഏറ്റുവാങ്ങി. അവർ ചങ്ങനാശേരിയിൽ എത്തിച്ചു. തിരുവല്ലയിൽ ഫയർഫോഴ്സ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ ചങ്ങനാശേരിയിൽ നിന്ന് മരുന്ന് ഏറ്റുവാങ്ങി വെള്ളിയാഴ്ച ഉച്ചയോടെ വെണ്ണിക്കുളത്ത് എത്തിച്ചു. തിരുവല്ല ഫയർഫോഴ്സ് സ്റ്റേഷനിലെ ഫയർ ആന്റ് റെസ്ക്യൂ ഓഫിസർ പി പ്രമോദ്, ഹോംഗാർഡ് ടി ആർ ജയൻ എന്നിവരുടെ നേതൃത്വത്തിലാണ് വെണ്ണിക്കുളത്ത് എത്തിച്ചത്. നൂറിലേറെ കിലോമീറ്റർ താണ്ടിയ ഫയർഫോഴ്സ് ഉദ്യോഗസ്ഥർ, എല്ലാ നീക്കങ്ങൾക്ക് നേതൃത്വം നൽകിയ യുവജന കമ്മീഷൻ അധ്യക്ഷ ചിന്താ ജെറോം, പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച അഡ്വ. എം രൺദീഷ്, മരുന്നു വാങ്ങിയ ഹനാൻ തുടങ്ങിയവർക്കെല്ലാം നന്ദി പ്രകടിപ്പിക്കുകയാണ് വെണ്ണിക്കുളം സ്വദേശിയും കുടുംബവും.



■ സിനിമ താരം സുധീർ കരമന യുവജനകമ്മീഷൻ ഗ്രീൻസോൺ പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി ദിനത്തിൽ വീട്ടിൽ വൃക്ഷത്തൈ നടുന്നു.

## ഹരിതകേരളത്തിനായി കൈകോർത്ത് യുവജന കമ്മീഷൻ

തിരുവനന്തപുരം: ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹരിതകേരളത്തിനായി കൈകോർത്ത് യുവജനകമ്മീഷനും. ഭൂമിക്ക് പച്ചപ്പും സമൃദ്ധിയും പകരാൻ ലക്ഷ്യമിട്ട് ഗ്രീൻസോൺ പദ്ധതിയുടെ തുടർച്ചയായാണ് യുവജകമ്മീഷൻ ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചത്. സംസ്ഥാനവ്യാപകമായി സന്നദ്ധപ്രവർത്തകർ വൃക്ഷത്തൈകൾ നട്ടു. ഗ്രീൻ യൂത്ത് പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി വിഷയങ്ങളിൽ വർഷങ്ങളായി ദൈനംദിന ഇടപെടലുകൾ നടത്തിവരികയാണ് യുവജനകമ്മീഷൻ. ലോക്ക് ടൗണിനെതുടർന്ന് സുഭിക്ഷ കേരളം പദ്ധതിയിൽ യുവജനങ്ങളെ ആകർഷിക്കാനായി ഗ്രീൻസോൺ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കാർഷികരംഗത്തേക്കും പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾക്കും യുവജനങ്ങളെ അണിരത്തുകയാണ് ഗ്രീൻസോൺ പദ്ധതിയുടെ ലക്ഷ്യം. യുവജനകമ്മീഷൻ ചെയർപേഴ്സൺ ചിന്ത ജെറോം കൊല്ലം ജില്ലയിൽ ലോകപരിസ്ഥിദിനപരിപാടികളിൽ പങ്കാളിയായി.വികെ പ്രശാന്ത് എം.എൽ.എ, സിനിമാ താരങ്ങളായ മാല പാർവ്വതി, സുധീർ കരമന, സംവിധായകൻ ആർ എസ് വിമൽ എന്നിവർ തിരുവനന്തപുരത്ത് വൃക്ഷത്തൈനടലിന്റെ ഭാഗമായി.

## യുവജനകമീഷൻ അധ്യക്ഷ റംസിയുടെ വീട് സന്ദർശിച്ചു

**കൊല്ലം**

വിവാഹത്തിൽനിന്ന് വരൻ പിന്മാറിയതിനെ തുടർന്ന് ആത്മഹത്യചെയ്ത റംസിയുടെ വീട് യുവജനകമീഷൻ അധ്യക്ഷ ചിന്താ ജെറോം സന്ദർശിച്ചു.

കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ റംസിയുടെ കുടുംബത്തിന് പിന്തുണ അറിയിച്ചു. കേസിൽ പൊലീസ് അറസ്റ്റു ചെയ്ത യുവാവിനെതിരെ യുവജന കമീഷൻ സ്വമേധയാ കേസെടുത്തിരുന്നു. ആത്മഹത്യ പ്രേരണാകുറ്റം, വിവാഹവാഗ്ദാനം നൽകി പീഡിപ്പിക്കൽ അടക്കമുള്ള കേസുകളാണ് പ്രതിക്കെതിരെ എടുത്തിട്ടുള്ളത്. കുടുംബത്തിന് വേണ്ട എല്ലാ പിന്തുണയും യുവജന കമീഷൻ ഉറപ്പാക്കുമെന്ന് ചിന്താ ജെറോം അറിയിച്ചു.

## പ്രവേശന പരീക്ഷ: 4068 സന്നദ്ധ സേന വളന്റിയർമാർ

**തിരുവനന്തപുരം**

വ്യാഴാഴ്ച നടക്കുന്ന എൻജിനിയറിങ് എൻട്രൻസ് പരീക്ഷാ നടത്തിപ്പിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ സന്നദ്ധ സേന പ്രവർത്തകരെ വിന്യസിച്ചു. 4068 പേരാണ് പരീക്ഷാ നടത്തിപ്പിന് സഹായിക്കുക. തെർമൽ സ്കാനിങ്, സാനിറ്റൈസേഷൻ, സാമൂഹ്യ അകലം പാലിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഇവർ നേതൃത്വം നൽകും. രാവിലെ ഏഴു മുതൽ വൈകിട്ട് 5.30 വരെ ഇവർ കർമനിരതരാകും.

യുവജന കമീഷൻ, യുവജന ക്ഷേമ ബോർഡ് പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ വിവിധ കേന്ദ്രങ്ങളിൽ ഭാഗമാകും.

യുവജന കമീഷൻ ചെയർപേഴ്സൺ ചിന്ത ജെറോം, യുവജന ക്ഷേമ ബോർഡ് ചെയർമാൻ പി ബിജു എന്നിവർ കോട്ടൺഹിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വളന്റിയർമാരാകും.



സംസ്ഥാന യുവജനകമീഷൻ യൂത്ത് ഡിഫൻസ് ഫോഴ്സിൽ രജിസ്റ്റർചെയ്ത തൃശൂരിലെ സന്നദ്ധപ്രവർത്തകരുടെ പട്ടിക കമീഷൻ അംഗം കെ വി രാജേഷ്, ജില്ലാകോ-ഓർഡിനേറ്റർ ചിന്നു ചന്ദ്രൻ എന്നിവർ കലക്ടർ എസ് ഷാനവാസിന് കൈമാറുന്നു

## അതിഥിത്തൊഴിലാളികളുടെ വിവരങ്ങൾ തേടി യൂത്ത് ഡിഫൻസ് ഫോഴ്സ്

**തിരുവനന്തപുരം**

ജില്ലയിലെ അതിഥിത്തൊഴിലാളികളുടെ വിവരശേഖരണത്തിന് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന യുവജനകമീഷൻ യൂത്ത് ഡിഫൻസ് ഫോഴ്സ് സജീവമായി. ജില്ലാ ലേബർ ഓഫീസറുടെ ആവശ്യപ്രകാരമാണ് സന്നദ്ധപ്രവർത്തകർ രംഗത്തിറങ്ങിയത്.

നൂറ് വളന്റിയർമാർ ഏഴ് മേഖലയിലായി ജില്ലാ കോഓർഡിനേറ്റർ അമലിന്റെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ഇവർക്കുള്ള പരിശീലനം വികാസ് ഭവനിലെ തൊഴിൽഭവനിൽ നടന്നു.

തുടർന്ന് ഇവർ ക്യാമ്പുകളിലെത്തി. ജില്ലയിലാകെ 1400 സന്നദ്ധപ്രവർത്തകരാണ് യൂത്ത് ഡിഫൻസ് ഫോഴ്സിൽ അംഗമായുള്ളത്.

## അധ്യാപികമാർക്കെതിരെ അവഹേളനം: കേസെടുത്തു

**തിരുവനന്തപുരം**

വിക്ടേഴ്സ് ചാനലിൽ ഓൺലൈൻ ക്ലാസെടുത്ത അധ്യാപികമാർക്കെതിരെ സാമൂഹ്യമാധ്യമങ്ങളിൽ അപകീർത്തിപരമായ പരാമർശങ്ങൾ നടത്തിയവർക്കെതിരെ കേസെടുത്തു. സൈബർ ക്രൈം പൊലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തത്. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അൻവർ സാദത്ത് എഡിജിപി മനോജ് എബ്രഹാമിന് നൽകിയ പരാതിയിലാണ് നടപടി. സംഭവത്തിൽ ഡോ. ഷാഹിദ കമാലിന്റെ നിർദേശപ്രകാരം കേരള വനിതാ കമീഷനും സ്വമേധയാ കേസെടുത്തു. അധ്യാപകരുടെ പേരിൽ സാമൂഹ്യമാധ്യമങ്ങളിൽ വ്യാജ അക്കൗണ്ടുകൾ ഉണ്ടാക്കി ദൃശ്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തിരുന്നു.

### അധിക്ഷേപിച്ചാൽ നടപടി: മന്ത്രി

സ്കൂൾ കുട്ടികൾക്ക് ഓൺലൈനായി ക്ലാസെടുത്ത അധ്യാപികമാരെ അവഹേളിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി കെ കെ ശൈലജ. കുട്ടികളുടെ പഠനം മുടങ്ങാതിരിക്കാൻ ലോകത്തിനുതന്നെ മാതൃകയായി പ്രവർത്തിക്കുകയാണ് വിദ്യാഭ്യാസ വകുപ്പ്. അതിമനോഹരമായും അന്തസ്സുറ്റ നിലവാരത്തിലും ക്ലാസുകൾ കൈകാര്യം ചെയ്ത അധ്യാപകരെ അവഹേളിക്കാൻ സംസ്കാരശൂന്യരായ ചിലർ തയ്യാറായി. ഇവർക്കെതിരെ കേസെടുത്ത് ശിക്ഷ ഉറപ്പുവരുത്തണമെന്ന് ആഭ്യന്തര വകുപ്പിനോട് അഭ്യർഥിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

### യുവജനകമീഷനും കേസ് എടുത്തു

അധ്യാപകരെ സാമൂഹ്യമാധ്യമങ്ങളിലൂടെ അപമാനിച്ചവർക്കെതിരെ സംസ്ഥാന യുവജനകമീഷൻ സ്വമേധയാ കേസ് എടുത്തു. അധ്യാപകരെ അപമാനിനിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് കമീഷൻ ചെയർപേഴ്സൺ ചിന്ത ജെറോം അഭ്യർഥിച്ചു.

ഇത്തരം സംഭവങ്ങൾ തടയുന്നതിനുവേണ്ട മുൻകരുതലുകൾ സ്വീകരിക്കണമെന്നും അഭ്യർഥിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ ജീവൻ ബാബു സിറ്റി പൊലീസ് കമീഷണർക്ക് പരാതി നൽകി.

## പ്രതിരോധത്തിന് യുവജന കമീഷന്റെ വളന്റിയേഴ്സ്

**കൊല്ലം**

കോവിഡ് വ്യാപനത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംസ്ഥാന യുവജന കമീഷന്റെ യൂത്ത് ഡിഫൻസ് ഫോഴ്സിൽ രജിസ്റ്റർ ചെയ്തത് 1,426 വളന്റിയേഴ്സ്. ആശുപത്രിയിൽ കഴിയുന്നവർക്ക് കൂട്ടിരിക്കുക, ഐസൊലേഷൻ വാർഡും ആശുപത്രി പരിസരങ്ങളും ശുചീകരിക്കുക, നിരീക്ഷണത്തിലുള്ളവർക്ക് അവശ്യമായ സാധനങ്ങൾ എത്തിച്ചു നൽകുക എന്നിവ ഉൾപ്പെടെയുള്ള സന്നദ്ധ പ്രവർത്തനങ്ങൾക്ക് ഇവർ റെഡി.



യുവജന കമീഷൻ ചെയർപേഴ്സൺ ചിന്താ ജെറോം വളന്റിയർമാരുടെ ലിസ്റ്റ് ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറുന്നു

കൊല്ലം നഗരസഭ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി ഓഫീസുകൾ വഴി വളന്റിയർമാരുടെ സേവനങ്ങൾ ലഭ്യമാക്കും. യുവജന കമീഷന്റെ വളന്റിയർമാർ സർക്കാരുമായി സഹകരിച്ചാകും പ്രവർത്തിക്കുക. വളന്റിയർമാരുടെ പേരും വിലാസവും അടങ്ങിയ വിവരങ്ങൾ യുവജനകമീഷൻ ചെയർപേഴ്സൺ ചിന്താ ജെറോം കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറി.

കമീഷൻ അംഗം വി വിനിൽ, ജില്ലാ കോ –ഓർഡിനേറ്റർ ശ്രീനാഥ് എന്നിവർ പങ്കെടുത്തു. തുടർന്ന് ലിസ്റ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാധാമണിക്ക് കൈമാറി.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ് വേണുഗോപാൽ പങ്കെടുത്തു.

## ശിശുക്ഷേമ സമിതിക്ക് സഹായവുമായി യുവജന കമ്മിഷൻ

തിരുവനന്തപുരം: ശിശുക്ഷേമ സമിതിയുടെ ദത്തെടുക്കൽ കേന്ദ്രത്തിൽ പരിചരണത്തിലുള്ള കുരുന്നുകൾക്ക് സഹായവുമായി യുവജന കമ്മിഷൻ. സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിലുള്ളവർ നൽകിയ ഭക്ഷ്യധാന്യങ്ങളും വസ്ത്രങ്ങളും മറ്റ് ഉത്പന്നങ്ങളും ചെയർപേഴ്സൺ ചിന്താജെറോം സമിതി ജനറൽസെക്രട്ടറി ഡോ.ഷിജൂഖാൻ.ജെ.എസിന് കൈമാറി. വീട്ടിൽപോകാതെ പെറ്റമ്മമാർക്ക് സമാനമായി ദത്തെടുക്കൽ കേന്ദ്രത്തിലെ 80-ഓളം കുരുന്നുകളെ പരിചരിക്കുന്ന അമ്മമാരെ ചെയർപേഴ്സൺ അഭിനന്ദിച്ചു. യുവജന കമ്മിഷൻ സംസ്ഥാന കോർഡിനേറ്റർമാരായ എം.രൺദീഷ്, ആർ.മിഥുൻഷാ എന്നിവരും പങ്കെടുത്തു.

# ബോധവത്ക്കരണം
## വിവിധ ജില്ലകളിലൂടെ...










- യുവതലമുറയ്ക്കിടയിൽ വർദ്ധിച്ചു വരുന്ന മദ്യപാനാസക്തി, ലഹരി ഉപയോഗം, പുകയില ഉൽപ്പന്നങ്ങളുടെ പ്രചാരം എന്നിവ കേന്ദ്രീകരിച്ച് കേരളത്തിലെ വിവിധ ക്യാമ്പസുകളിൽ കമ്മീഷൻ ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. എക്സൈസ്, പോലീസ് എന്നീ സർക്കാർ ഏജൻസികളുടെ പങ്കാളിത്തത്തോടെ ശാസ്ത്രീയവും ജനകീയവുമായ ബോധവത്ക്കരണ പരിപാടികളിലൂടെ യുവതലമുറയിലെ മദ്യാപാനസക്തിയും, ലഹരി ഉപയോഗവും കുറയ്ക്കാൻ കമ്മീഷന് കഴിഞ്ഞു. കോളേജുകൾ കൂടാതെ യുവജന പ്രാതിനിധ്യമുള്ള ലൈബ്രറികൾ, ക്ലബ്ബുകൾ, സാംസ്ക്കാരിക കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ചും പദ്ധതി നടപ്പിലാക്കി വരുന്നു. ജില്ലാ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ നടത്തുന്ന ബോധവത്ക്കരണ പരിപാടിക്ക് കമ്മീഷൻ അംഗങ്ങൾ മേൽ നോട്ടം വഹിക്കുന്നു.

- സൈബർ കുറ്റകൃത്യങ്ങൾ, റാഗിംങ്, സ്ത്രീധനപീഡനം എന്നീ സാമൂഹിക പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ യുവജനതയ്ക്ക് പ്രാതിനിധ്യമുള്ള പൊതു ഇടങ്ങളായ കോളേജുകൾ, ലൈബ്രറികൾ, ക്ലബ്ബുകൾ എന്നിവിടങ്ങളിൽ നിയമ വിദ്ഗതർ എന്നിവർ ഉൾപ്പെടെയുള്ള പ്രഗത്ഭരുടെ പങ്കാളിത്തത്തോടെ യുവജന കമ്മീഷൻ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.






# ബോധവത്ക്കരണം
## വിവിധ ജില്ലകളിലൂടെ...

- സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ദുർബല വിഭാഗങ്ങളായ പട്ടികജാതി–പട്ടികവർഗ്ഗ സമൂഹത്തിൽപ്പെട്ട യുവതയുടെ സാമൂഹിക ഉന്നമനവും മാനസിക ആരോഗ്യവും ഉറപ്പാക്കുന്നതിനായി പട്ടികജാതി–പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ഒട്ടനവധിയായ ബോധവത്ക്കരണ പരിപാടികൾക്ക് കമ്മീഷൻ ചുക്കാൻ പിടിക്കുന്നു. പ്രസ്തുത വിഭാഗത്തിലെ യുവതലമുറയ്ക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരകുറവ്, നിരക്ഷരത, സാമൂഹിക–സാമ്പത്തിക–ലൈംഗിക ചൂഷണം എന്നിവ നിർമാർജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കമ്മീഷൻ ഈ വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നത്. പട്ടികജാതി–പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുക, ശൈശവ വിവാഹ നിയന്ത്രണം നിയമം നടപ്പിലാക്കുക, ലഹരിവിരുദ്ധ മാനസിക അവബോധം നിർമ്മിക്കുക എന്നീ ലക്ഷ്യത്തോടുകൂടി വിവിധ സർക്കാർ സംവിധാനങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് കമ്മീഷൻ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പു വരുത്തുന്നു.

- സ്ത്രീധന പീഡനങ്ങൾ വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സ്ത്രീധനത്തിനെതിരായി സാമൂഹിക മനസാക്ഷിയെ ഉണർത്തുക എന്ന ലക്ഷ്യത്തോടെ ബോധവൽക്കരണ ക്യാമ്പയിൻ യുവജനക്കമ്മീഷന്റെ മേൽനോട്ടത്തിൽ ആരംഭിച്ചു. സ്ത്രീധനം നിയമം മൂലം നിരോധിക്കപ്പെട്ടിട്ടും സാമൂഹിക ആചാരം എന്ന നിലയിൽ ജനകീയവൽക്കരിക്കപ്പെടുന്ന തിന്റെ അപകടം ജനങ്ങളെ അറിയിക്കുക എന്ന ഉദ്ദേശത്തോടെ കമ്മീഷൻ ആരംഭിച്ച ബോധവൽക്കരണം ക്യാമ്പയിൽ മികച്ച സാമൂഹിക പിന്തുണ നേടി.










# ബോധവത്ക്കരണം
## വിവിധ ജില്ലകളിലൂടെ...





- യുവജനതയ്ക്കിടയിൽ വർദ്ധിച്ചു വരുന്ന ആത്മഹത്യയും, വിഷാദരോഗം അടക്കമുള്ള മാനസിക പ്രശ്നങ്ങളും ശാസ്ത്രീയമായി പരിഹരിക്കുന്നതിനായി കമ്മീഷൻ ബോധവത്ക്കരണ പരിപാടികളും, കൗൺസിലിംഗും നൽകി വരുന്നു. ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാനസികാരോഗ്യ മേഖലയിലെ വിദഗ്ദർ അടങ്ങുന്ന സമിതിയാണ് പ്രസ്തുത ബോധവത്ക്കരണത്തിനും, കൗൺസിലിംഗിനും നേതൃത്വം നൽകുന്നത്.

- ആസിഡ് ആക്രമണം, സ്ത്രീധന പീഡനം, സ്ത്രീകൾക്കെതിരായ ലൈംഗിക ചൂഷണം, ലിംഗപരമായ വിവേചനം, മറ്റ് അതിക്രമണങ്ങൾ, എന്നിവയെ മുൻനിർത്തി യുവജനകമ്മീഷൻ പരാതികൾ സ്വീകരിക്കുകയും മാധ്യമവാർത്തകളുടെ അടിസ്ഥാന ത്തിൽ സ്വമേധയാ കേസെടുക്കുകയും ചെയ്യുന്നു. പ്രസ്തുത കേസുകളിൽ ഇരകൾക്ക് നീതി ലഭ്യമാകും എന്നുറപ്പാക്കാൻ പൊലീസിന് നിർദ്ദേശം നൽകാനും അന്വേഷണത്തിന്റെ പുരോഗതി മോണിറ്റർ ചെയ്യാനും കമ്മീഷൻ ബദ്ധശ്രദ്ധ പുലർത്തുന്നു.









# ട്രാൻസ് സമൂഹത്തിന് കൈത്താങ്ങായി യുവജന കമ്മീഷൻ



## ലിംഗ നൂനപക്ഷങ്ങളുടെ അവകാശസംരക്ഷണം

*സ്ത്രീകൾക്കും പുരുഷന്മാർക്കും ഒപ്പം ട്രാൻസ് സമൂഹത്തിന്റെ അവകാശ സംരക്ഷണ പ്രവർത്തനങ്ങളിലും കമ്മീഷൻ സജീവമായ ഇടപെടലുകൾ നടത്തുന്നു. ഇക്കാലയളവിൽ ട്രാൻസ് സമൂഹത്തിന്റെ സാമൂഹികമായ സ്വീകാര്യതയും അന്തസുള്ള ജീവിതവും ഉറപ്പാക്കാൻ വിവിധ പദ്ധതികൾ കമ്മീഷൻ ആവിഷ്ക്കരിച്ചു നടപ്പിലാക്കി. അദാലത്തുകളിലൂടെയും ട്രാൻസ് അവകാശ നിഷേധം സംഭവിക്കുന്ന ഘട്ടങ്ങളിൽ പരാതിയിന്മേലും സ്വമേധയായും കേസ് രജിസ്റ്റർ ചെയ്തും കമ്മീഷൻ 'യുവത' എന്ന നിർവചനത്തെ ലിംഗപരമായ നീതിയുടെ ക്യാൻവാസിൽ പ്രതിഷ്ഠിക്കാൻ ശ്രമങ്ങൾ നടത്തുന്നു.*







# MENTORING YOUNG KERALA

കേരള സംസ്ഥാന യുവജന കമ്മീഷൻ കേരളത്തിന്റെ യുവതയുടെ ശബ്ദം കേൾക്കാൻ നടത്തിയ സാംസ്കാരിക യാത്രയായിരുന്നു ***Mentoring Young Kerala***. 'നവകേരള നിർമ്മിതി യുവതയിലൂടെ' എന്ന മുദ്രാവാക്യമുയർത്തി നടത്തിയ യാത്ര കേരളത്തിലെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട കാമ്പസുകളിലൂടെ സഞ്ചരിച്ചു. യാത്രയുടെ ഭാഗമായി പ്രശസ്ത മജീഷ്യൻ ശ്രീ. ഗോപിനാഥ് മുതുകാട് അവതരിപ്പിച്ച മാജിക് ബോധവത്കരണം ലഹരിക്കും സാമൂഹിക തിന്മകൾക്കുമെതിരെ യുവതയെ ശാക്തീകരിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. കേരളത്തിലെ രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രമുഖരും മുതുകാടിനോടൊപ്പം യുവജന കമ്മീഷന്റെ യാത്രയിൽ അണിനിരന്നു.









## MENTORING YOUNG KERALA















# ജനകീയ
# അദാലത്തുകൾ

യുവജന കമ്മീഷന്റെ പ്രഥമ ലക്ഷ്യങ്ങളിലൊന്ന് യുവതലമുറയിലെ അവകാശ സംരക്ഷണം നിയമപരമായി ഉറപ്പാക്കുക എന്നതാണ്. അർദ്ധ ജുഡീഷ്യൽ ബോഡി എന്ന നിലയിൽ പോലീസ് അടക്കമുള്ള ക്രമസമാധാന പരിപാലന ഏജൻസികൾക്ക് യുവജനതയുടെ അവകാശ ലംഘനം ഉണ്ടാകുന്ന ഘട്ടങ്ങളിൽ നിർദേശം നൽകാനും നിയമപരമായ നീതി ഇരകൾക്ക് ഉറപ്പാക്കും വിധം സർക്കാർ ഇടപെടൽ ഉറപ്പാക്കാനും കമ്മീഷന് അധികാരുണ്ട്. നേരിട്ടും, തപാലിലൂടെയും, ഇമെയിലിലൂടെയും പരാതികൾ സ്വീകരിക്കുന്നതിനോടൊപ്പം സ്വമേധയ മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലും കമ്മീഷൻ കേസുകൾ രജിസ്റ്റർ ചെയ്യാറുണ്ട്. ഇതിന് പുറമേ യുവതയ്ക്ക് കൂടുതൽ ആയാസരഹിതമായി തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനും ലളിതമായ നടപ്പടികളിലൂടെ കമ്മീഷനുമായി ബന്ധപ്പെടുന്നതിനുമായി ജില്ലാതല അദാലത്തുകൾ കമ്മീഷൻ നിരന്തരം സംഘടിപ്പിച്ചു വരുന്നു. കമ്മീഷൻ ചെയർപേഴ്സൺ, സെക്രട്ടറി, അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അദാലത്തുകളിൽ ലഭിക്കുന്ന പരാതികൾ ഏറ്റവും വേഗത്തിൽ പരിഹരിക്കുന്നതിനാവശ്യമായ സജ്ജീകരണം കമ്മീഷൻ ഒരുക്കിയിട്ടുണ്ട്.






# ജനകീയ അദാലത്തുകൾ























# ജനകീയ അദാലത്തുകൾ


























### യുവതയുടെ മികവിന്

# യൂത്ത് ഐക്കൺ പുരസ്ക്കാരം

വിവിധ മേഖലകളിലെ യൗവനത്തിന്റെ പ്രതിഭയെ അർഹമാം വിധം അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന സർഗ്ഗാത്മക ലക്ഷ്യത്തോടുകൂടി എല്ലാ കൊല്ലവും കല, സംസ്കാരം, സാഹിത്യം, കായികം, കൃഷി, സാമൂഹിക സേവനം, വ്യവസായം, സാങ്കേതികവിദ്യ എന്നീ മേഖലകളിൽ തങ്ങളുടേതായ കൈമുദ്ര ചാർത്തിയ യുവതയുടെ പ്രതിഭാശാലകളായ പ്രതിനിധികൾക്ക് യൂത്ത് ഐക്കൺ പുരസ്ക്കാരം നൽകി വരുന്നു. അതത് മേഖലകളിലെ പ്രതിഭകളടങ്ങുന്ന സമിതിയാണ് പുരസ്ക്കാര ജേതാക്കളെ തെരഞ്ഞെടുക്കുന്നത്.


























YOUTH ICON AWARD
2017-2018


YOUTH ICON AWARD


YOUTH ICON AWARD


YOUTH ICON AWARD
2017-2018


YOUTH ICON AWARD




YOUTH ICON AWARD


YOUTH ICON AWARD

# ദേശീയ സെമിനാർ

## തുറന്ന സംവാദങ്ങളുടെ യൗവന ഭൂമിക

ദേശീയ നിലവാരത്തിലുള്ള സെമിനാറുകളിലൂടെ യുവജനകമ്മീഷൻ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട യുവജനതയുടെ പ്രതിനിധികളെ വൈജ്ഞാനികമായ സംവാദമണ്ഡലത്തിലേക്ക് കൈപിടിച്ച് നടത്തി. രാഷ്ട്രീയ സാംസ്കാരിക സാഹിത്യമേഖലകളിലെ പ്രമുഖർ വർത്തമാന കാലത്തിന്റെയും വരാനിരിക്കുന്ന കാലത്തിന്റെയും ആശങ്കകളോടും സാധ്യതകളോടും തുറന്ന സംവാദത്തിലേർപ്പെട്ടത് ദേശീയ സെമിനാറിന്റെ രാഷ്ട്രീയ പ്രസക്തിയായി കാണാം. ഇന്ത്യയിലെ വിവിധ കാമ്പസുകളിൽ നിന്നടക്കം വിദ്യാർത്ഥികൾ പങ്കെടുത്ത സെമിനാറുകൾ അറിവിന്റെയും ആശയപോരാട്ടത്തിന്റെയും പുതിയ ചക്രവാളങ്ങളിലേക്ക് അവരെ നയിക്കാൻ ഉതകുന്നതായിരുന്നു. പാനലിസ്റ്റുകളുടെ വൈവിധ്യവും തിരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളുടെ സമഗ്രതയും തുറന്ന സംവാദത്തിന്റെ സാധ്യതയും ദേശീയ സെമിനാറിനെ അപൂർവ്വ അനുഭവമാക്കി മാറ്റി.













AGREE
TO


Lectures


DISAGREE




AGREE
MOHAN


AGREE
TO
MOHAN


NATIONAL YOUTH SEMINAR
AGREE
TO




YOUTH SEMINAR
AGREE
TO


MOHAN


NATIONAL YOUTH
AGREE
TO
MOHAN




NATIONAL YOUTH
TO





# ഗ്രീൻയൂത്ത്

## പച്ചപ്പിന്റെ കൃഷി അടയാളങ്ങൾ

പാരിസ്ഥിതിക അവബോധം യുവജനതയ്ക്കിടയിൽ വളർത്തുക, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാരങ്ങൾ കണ്ടെത്തുക, കൃഷിയടക്കമുള്ള പാരിസ്ഥിതികപക്ഷ തൊഴിൽ മണ്ഡലത്തിലേക്ക് ചെറുപ്പക്കാരെ ആകർഷിക്കുക എന്നീ ലക്ഷ്യത്തോടെ സേവന സന്നദ്ധരായ ഒരുക്കൂട്ടം യുവാക്കളെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുന്ന കമ്മീഷന്റെ പദ്ധതിയാണ് ഗ്രീൻ യൂത്ത്. സംസ്ഥാന തലത്തിൽ ഗ്രീൻ യൂത്ത് കോ-ഓർഡിനേറ്റർ നേതൃത്വം നൽകുകയും ജില്ലാതലങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട 14 കോ-ഓർഡിനേറ്റർമാർ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രാദേശിക തലത്തിൽ വിവിധയിടങ്ങളിൽ കമ്മീഷന്റെ മേൽനോട്ടത്തിൽ വിജയകരമായി ജൈവകൃഷി നടത്താനും, പ്രോത്സാഹിപ്പിക്കാനും കഴിഞ്ഞത് പദ്ധതിയുടെ പ്രധാന വിജയമാണ്.









# ഗ്രീൻയൂത്ത് പച്ചപ്പിന്റെ കൃഷി അടയാളങ്ങൾ

















# അരികുവത്കരിക്കപ്പെട്ടവർക്കൊപ്പം

ദളിത് ആദിവാസി വിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി സജീവമായ ഇടപെടലുകൾ യുവജന കമ്മീഷൻ ഇക്കാലയളവിൽ നടത്തി. മുഖ്യധാരയിലേക്ക് പ്രസ്തുത വിഭാഗങ്ങളെ ചേർത്തുപിടിക്കാനാകുന്ന തരത്തിലുള്ള ഇടപെടലുകളാണ് കമ്മീഷൻ നടത്തിയത്. ദളിത് ആദിവാസി വിഭാഗത്തിൽപ്പെട്ട യുവതയുടെ അവകാശ ലംഘനങ്ങളിൽ നീതി ഉറപ്പാക്കാൻ കമ്മീഷൻ ഇടപെട്ടു. ഇതിനോടകം തന്നെ ആരോഗ്യക്ഷേമം, സാമൂഹിക വികസനം എന്നിവ ഉറപ്പാക്കാനായി യുവജന കമ്മീഷന്റെ നേതൃത്വത്തിൽ പഠനങ്ങൾ, കോളനി സന്ദർശനങ്ങൾ എന്നിവയും സംഘടിപ്പിച്ചു.















# അരികുവത്കരിക്കപ്പെട്ടവർക്കൊപ്പം















# തൊഴിലവസരങ്ങൾ...
## പുതുവഴി തീർത്ത് യുവജന കമ്മീഷൻ

യുവജനങ്ങൾക്ക് അർഹമായ വിധത്തിൽ വ്യത്യസ്ത തൊഴിൽ മണ്ഡലങ്ങളിൽ അവസരങ്ങൾ ഉറപ്പാക്കാൻ യുവജന കമ്മീഷൻ സജീവമായ ഇടപെടലുകൾ നടത്തി. വിവിധ ഏജൻസികളുമായി സഹകരിച്ച് യുവജന കമ്മീഷൻ നടത്തിയ തൊഴിൽമേളകളിൽ പതിനായിരത്തിലേറെ ചെറുപ്പക്കാർ പങ്കെടുക്കുകയും 3000 ൽ ഏറെ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ഉറപ്പാക്കാനും കഴിഞ്ഞു. നൂറിലേറെ ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾ യുവജന കമ്മീഷൻ നടത്തിയ തൊഴിൽ മേളകളിലൂടെ ആവശ്യമായ റിക്രൂട്ട്മെന്റുകൾ നടത്തി. യുവജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കാനായി ഓൺലൈൻ ഡാറ്റാബേസ് നിർമ്മിച്ചുകൊണ്ട് ജോബ് പോർട്ടൽ രൂപീകരിക്കാനും കമ്മീഷന് കഴിഞ്ഞു. ഇതിനോടൊപ്പം എടുത്ത് പറയേണ്ടതാണ് യുവജനങ്ങളുടെ തൊഴിൽ അവകാശ സംരക്ഷണത്തിനായി കമ്മീഷൻ നടത്തിയ ശ്രദ്ധേയമായ ചുവടുവയ്പുകൾ.













കേരളത്തിലെ വിദ്യ സമ്പന്നരായ യുവജനതയുടെ തൊഴിൽപരമായ ക്ഷേമം മുൻനിർത്തി കമ്മീഷൻ **ജോബ് പോർട്ടൽ** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. യുവതയുടെ തൊഴിൽ നൈപുണ്യം അനുസരിച്ച് തൊഴിൽ ലഭ്യമാക്കുന്നതിനായി ഓൺലൈനായി രജിസ്റ്റർ ചെയ്യാനും തൊഴിൽ ദാതാക്കൾക്ക് തങ്ങൾക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്താനും കമ്മീഷൻ രൂപീകരിച്ച ജോബ് പോർട്ടൽ സഹായകരമായി പ്രവർത്തിക്കുന്നു. കെൽട്രോൺ മുഖേന കമ്മീഷൻ നടപ്പിലാക്കിയ ജോബ് പോർട്ടൽ സംവിധാനത്തിലൂടെ ഇതിനോടകം ആയിരത്തിലേറെ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിച്ചു.



# സിനിമാ ആസ്വാദകർക്കായി
# QIFF
## ക്വയിലോൺ അന്താരാഷ്ട്ര ചലച്ചിത്ര മേള

### ക്വയിലോൺ അന്താരാഷ്ട്ര ചലച്ചിത്ര മേള (QIFF)

യുവജനകമ്മിഷനും കേരള ചലച്ചിത്ര അക്കാദമിയും കേരള സർവകലാശാല യൂണിയനും സംയുക്തമായി സംഘടപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേള വിജയകരമായി നാലാം വർഷം പിന്നിട്ടു. അന്താരാഷ്ട്ര മേളകളിൽ പ്രദർശിപ്പിച്ച ഉന്നത നിലവാരമുള്ള ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്. കൊല്ലം ജില്ലയിൽ സംഘടിപ്പിക്കുന്ന ചലച്ചിത്രമേള ചലച്ചിത്രാസ്വാദകരുടെ പ്രീതി പിടിച്ചു പറ്റുന്നതിൽ ഇതിനകം വിജയിച്ചു കഴിഞ്ഞു.














# കരുണയുടെ കരങ്ങളുമായി പാലിയേറ്റീവ് കെയർ

ശാരീരികമായി വെല്ലുവിളികൾ നേരിടുന്നവർക്കും വൈദ്യസഹായം ആവശ്യമായവർക്കും ഏറ്റവും വേഗം ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിലാദ്യമായി യുവജനങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് യുവജന കമ്മീഷൻ സ്റ്റുഡന്റ് പാലിയേറ്റീവ് കെയർ എന്ന ബൃഹത് സംരംഭത്തിന് തുടക്കം കുറിച്ചു. പരിശീലനം ലഭിച്ച വോളന്റിയർമാരിലൂടെ സംസ്ഥാനമൊട്ടാകെ ആയിരത്തിലേറെ വീടുകളിൽ കാരുണ്യസ്പർശമായി സ്റ്റുഡന്റ് പാലിയേറ്റീവ് കെയർ പ്രവർത്തിക്കുന്നു.











# ദുരന്തമുഖത്ത്...

പ്രളയം രണ്ടാവർത്തി കേരളത്തെ തച്ചുതകർത്തപ്പോഴും പ്രതിരോധ മുഖത്ത് കേരളീയ യുവതയും യുവതയ്ക്ക് നേതൃത്വമായി യുവജന കമ്മീഷനും ഉണ്ടായിരുന്നു. ആയിരക്കണക്കിന് വോളന്റിയർമാർ സംസ്ഥാനമൊട്ടാകെ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ടു. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നത് മുതൽ പ്രളയം നശിപ്പിച്ച പ്രദേശത്തെ വീടുകൾ ശുചീകരിക്കുന്നതിലും തകർന്ന അംഗൻവാടി അടക്കമുള്ള സംവിധാനങ്ങൾ പുനരുജ്ജീകരിക്കുന്നതിലും യുവജന കമ്മീഷൻ സജീവമായി ഇടപെട്ടു. കമ്മീഷൻ പ്രളയകാലത്ത് നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഐക്യരാഷ്ട്ര സംഘടന സംഘടിപ്പിച്ച ദുരന്തനിവാരണത്തെ സംബന്ധിച്ച അന്താരാഷ്ട്ര സെമിനാറിൽ കേരളീയ യുവത്വത്തെ പ്രതിനിധീകരിച്ച് സംസാരിക്കാൻ യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താ ജെറോമിന് ക്ഷണം ലഭിച്ചു.









# ദുരന്തമുഖത്ത്...



















# യുവതയുടെ വിദ്യാഭ്യാസം

## അവകാശ സംരക്ഷണവും പ്രോത്സാഹനവും

വിദ്യാഭ്യാസ രംഗത്ത് ബഹുമുഖമായ ഇടപെടലുകൾ നടത്താൻ യുവജന കമ്മീഷന് കഴിഞ്ഞു. മത്സര പരീക്ഷകൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സാക്ഷാത്കരിച്ച വിവിധ പി.എസ്.സി. പരിശീലന ക്ലാസുകൾ, കാമ്പസുകളിലെ ജനാധിപത്യവത്ക്കരണം, റാഗിംങ് വിരുദ്ധ ബോധവത്കരണം, വിദ്യാഭ്യാസ അവകാശ നിഷേധത്തിന് വിധേയരായ യുവജനങ്ങളുടെ നീതി എന്നിവ ഉറപ്പാക്കുന്നതിനുവേണ്ടി നടത്തിയ ഇടപെടലുകളും ശുപാർശകളും തുടങ്ങി സമഗ്രമായി കേരളത്തിന്റെ വിദ്യാഭ്യാസ ഭൂമികയെ അഭിസംബോധന ചെയ്യാൻ യുവജന കമ്മീഷന് കഴിഞ്ഞു.




വിദ്യാഭ്യാസ രേഖകൾ കൈവശപ്പെടുത്തി സമ്മർദത്തിലാക്കുന്നവർക്കെതിരെ നടപടിയെടുക്കും

30 പരാതികളിൽ 17 എണ്ണം തീർപ്പാക്കി

വിദ്യാർഥിയുടെ മരണം: യുവജന കമ്മിഷൻ കോളജ് സന്ദർശിച്ചു

വിദ്യാർഥിയുടെ ആത്മഹത്യ: യുവജന കമ്മിഷൻ കേസെടുത്തു

വിദേശ പഠനത്തിൽ യുവജന കമ്മിഷൻ

'വീഴരുതേ ചതിക്കുഴിയിൽ'




# ഭരണഘടനയ്ക്ക് യുവതയുടെ കാവൽ

ഭരണഘടനാ മൂല്യങ്ങളും നവോത്ഥാന ദർശനങ്ങളും നിരന്തരം വെല്ലുവിളിക്കപ്പെടുകയും ജനാധിപത്യമൂല്യങ്ങൾ ബഹിഷ്കൃതമാവുകയും ചെയ്യുന്ന വർത്തമാന ഇന്ത്യൻ സാഹചര്യങ്ങളോട് പ്രതികരിച്ചുകൊണ്ട് കേരള സംസ്ഥാന യുവജന കമ്മീഷൻ ഭരണഘടനാ സാക്ഷരത ജനകീയമാക്കാൻ വേണ്ട ഇടപെടലുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി. കേരള സംസ്ഥാന ലൈബ്രറി കൗൺസിലുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന തലത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും നിരവധി ഭരണഘടനാ സാക്ഷരതാ സെമിനാറുകൾ സംഘടിപ്പിച്ചു. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നവോത്ഥാന മഹാസംഗമവും സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നവോത്ഥാന സെമിനാറുകളും കമ്മീഷൻ വിജയകരമായി നടപ്പിലാക്കി. യുവത ജനാധിപത്യ ഭരണഘടനാ മൂല്യങ്ങൾക്ക് കാവലാളായി ഒപ്പമുണ്ടാകുമെന്ന ഉജ്ജ്വല പ്രഖ്യാപനമാണ് യുവജന കമ്മീഷൻ പ്രസ്തുത പദ്ധതികളിലൂടെ നടപ്പാക്കിയത്.











# ഭരണഘടനയ്ക്ക് യുവതയുടെ കാവൽ





## 'യുവത വനിതാ മതിലിനൊപ്പം' നവോത്ഥാന മഹാസംഗമം: സംഘാടക സമിതിയായി



## ഭരണഘടനയുടെ മഹത്വം മനസ്സിലാകുന്നത് പരീക്ഷണഘട്ടങ്ങളിൽ -എം.ജി.എസ്.











# ഒപ്പമുണ്ട്

## യുവജന കമ്മീഷൻ

യുവജന കമ്മീഷൻ ഇക്കാലയളവിൽ പരാതികളുടെ അടിസ്ഥാനത്തിലും മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ സ്വമേധയാലും നിരവധി കേസുകൾ രജിസ്റ്റർ ചെയ്തു. ഇരകളാക്കപ്പെട്ട വ്യക്തികളും അവകാശലംഘനത്തിന് വിധേയമായവരും ഒറ്റയ്ക്കല്ലെന്ന് ഉറപ്പാക്കാൻ യുവജന കമ്മീഷൻ ഇടപെടലുകൾ നടത്തി. ഇതിന്റെ ഭാഗമായി യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താ ജെറോമും കമ്മീഷൻ അംഗങ്ങളും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ വിഷയങ്ങളിൽ മുറിവേറ്റ മനുഷ്യരെയും കുടുംബാംഗങ്ങളെയും സന്ദർശിച്ച് യുവജന കമ്മീഷന്റെ പൂർണ്ണ പിന്തുണ ഉറപ്പാക്കി.



അട്ടപ്പാടിയിൽ ആൾക്കൂട്ട മർദ്ദനത്തിനിരയായി കൊല്ലപ്പെട്ട മധുവിന്റെ കുടുംബാംഗങ്ങളെ അദ്ധ്യക്ഷ ചിന്താജെറോമും കമ്മീഷൻ അംഗങ്ങളായ കെ.യു. ജനീഷ്കുമാറും കെ. മണികണ്ഠനും സന്ദർശിച്ചു.



സഹോദരന്റെ മരണത്തെ തുടർന്ന് തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുന്നിൽ സമരം ചെയ്യുന്ന ശ്രീജിത്തിനെ 2018 ജനുവരി 13 ന് സന്ദർശിച്ചു. യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താ ജെറോം, കമ്മീഷൻ അംഗം അഡ്വ. ഐ. സാജു എന്നിവർ ശ്രീജിത്തുമായി സംസാരിച്ചു.



തിരുവനന്തപുരത്ത് വിദ്യാഭ്യാസ സ്ഥാപനത്തിലെ അധികൃതരുടെ ജാതി പറഞ്ഞുള്ള അധിക്ഷേപത്തിൽ മനംനൊന്ത് ആത്മഹത്യക്ക് ശ്രമിച്ച വിദ്യാർത്ഥി ആതിരയെ യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താജെറോം ആശുപത്രിയിലെത്തി സന്ദർശിച്ചു. സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുത്തു

# ഒപ്പമുണ്ട് യുവജന കമ്മീഷൻ



ദുരഭിമാന കൊലയുടെ ഇരയായ കോട്ടയം സ്വദേശി കെവിന്റെ
കുടുംബാംഗങ്ങളെ യുവജന കമ്മീഷൻ അദ്ധ്യക്ഷ
ചിന്താ ജെറോം സന്ദർശിച്ചു.



കൊല്ലം ട്രിനിറ്റി ലൈസിയം സ്കൂൾ വിദ്യാർത്ഥിനി ഗൗരി നേഹ ആത്മഹത്യ
ചെയ്തതിനെ തുടർന്ന് യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താജെറോം
കമ്മീഷൻ അംഗം അഡ്വ. ഐ. സാജു എന്നിവർ ഗൗരി നേഹയുടെ വീട് സന്ദർശിച്ചു.



ഓഖി ചുഴലിക്കാറ്റ് ദുരന്തം വിതച്ച പൂന്തുറയിലെ ക്യാമ്പിൽ കഴിയുന്നവരെ
യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താജെറോമും കമ്മീഷൻ അംഗം ദീപു
രാധാകൃഷ്ണനും സന്ദർശിച്ചു.



ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ അക്രമത്തിൽ പരിക്കേറ്റ
വിദ്യാർത്ഥിയായ കായംകുളം സ്വദേശി സൂരികൃഷ്ണനെ യുവജന
കമ്മീഷൻ അദ്ധ്യക്ഷ ചിന്താജെറോം സന്ദർശിച്ചു.



കൊല്ലം അഞ്ചലിൽ ഉത്രയുടെ ഭവനം
യുവജന കമ്മീഷൻ അദ്ധ്യക്ഷൻ ചിന്താ ജെറോം സന്ദർശിച്ചു.



കാശ്മീരിലെ രജൗരിയിൽ പാകിസ്ഥാൻ ഷെല്ലാക്രമണത്തിൽ
വീരമൃത്യുവരിച്ച കൊല്ലം കടയ്ക്കൽ സ്വദേശി അനീഷ് തോമസിന്റെ വീട്
യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താ ജെറോം സന്ദർശിച്ചു.



വിവാഹത്തിൽ നിന്ന് പ്രതിശ്രുത വരൻ പിന്മാറിയതിനെ തുടർന്ന്
ആത്മഹത്യ ചെയ്ത കൊല്ലം കൊട്ടിയം സ്വദേശിനി റംസിയുടെ വീട്
യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താ ജെറോം സന്ദർശിച്ചു.



കൊല്ലം പത്തനാപുരം പുന്നല കടശ്ശേരി കാണാതായ രാഹുലിന്റെ വീട്
യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താ ജെറോം സന്ദർശിച്ചു.



# ഇ.എം.എസ്. മെമ്മോറിയൽ
# പ്രസംഗ മത്സരം

ദേശീയ യുവജനദിനത്തോടനുബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ കോളേജ് വിദ്യാർത്ഥികൾക്കായി ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ ഇം.എം.എസ്. മെമ്മോറിയൽ പ്രസംഗമത്സരം സംഘടിപ്പിച്ചു. എം.എൽ.എ. ശ്രീ. സജി ചെറിയാൻ ഉദ്ഘാടനം നിർവഹിച്ചു.

















# ശില്പശാല




സംസ്ഥാന യുവജന കമ്മീഷൻ സൈബർ നിയമബോധവത്ക്കരണം, ലഹരി വിരുദ്ധ പ്രചാരണം, ഭരണഘടനാ സാക്ഷരത തുടങ്ങിയ പ്രവർത്തനങ്ങൾ സംസ്ഥാനത്തെങ്ങും സംഘടിപ്പിക്കാനായി ജില്ലാ കോഓർഡിനേറ്റർമാർക്കായുള്ള ശില്പശാലയും സന്നദ്ധ പ്രവർത്തകർക്കായി ത്രിദിന ശില്പശാലയും സംഘടിപ്പിച്ചു.



















# നിറവ്
## ഗോത്രകലോത്സവം



കേരള സംസ്ഥാന യുവജന കമ്മീഷനും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ചേർന്ന് മൂന്നുദിവസത്തെ നിറവ് ഗോത്രകലോത്സവം കുമളിയിൽ സംഘടിപ്പിച്ചു.

# ശാസ്ത്രജ്ഞർക്കൊപ്പം...



ലോകമെങ്ങും പുകഴ്കേട്ടതാണ് കേരളത്തിന്റെ ബൗദ്ധികസ്വാധീനം. മലയാളികളായ വിദഗ്ധർ ആഗോളതലത്തിൽ തങ്ങളുടെ മേഖലകളിൽ പുതിയ നാൾവഴികൾ തുറക്കുകയും നിർണായക സംഭാവനകൾ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രാഗത്ഭ്യത്തെ കേരളീയ യുവത്വത്തിന്റെ ഭാവിയെ സ്വാധീനിക്കാനാവുംവിധം അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രഥമ ലോക കേരള സഭ സമ്മേളനത്തോടനുബന്ധിച്ചും യുവജനങ്ങളുടെ ദിനാഘോഷങ്ങളുടെ ഭാഗമായും കേരള സംസ്ഥാന യുവജന കമ്മീഷൻ **'ശാസ്ത്രജ്ഞർക്കൊപ്പം'** എന്ന സമ്പർക്ക പരിപാടി സംഘടിപ്പിച്ചു.

# കേരള സംസ്ഥാന യുവജന കമ്മീഷൻ

## അംഗങ്ങൾ


നിഷാന്ത് വി. ചന്ദ്രൻ


വിനിൽ വി.


അഡ്വ. റ്റി. മഹേഷ്


വിദ്യ കെ.കെ.


ഷജീറ കെ.പി.


എസ്.കെ. സജീഷ്


പി.പി. സുമോദ്


കെ.പി. പ്രമോഷ്


അഡ്വ. ആർ. രാഹുൽ


ഡോ. പ്രിൻസി കുര്യാക്കോസ്


സമദ് പി.എ.

**സെക്രട്ടറി**


ജയശ്രീ റ്റി.കെ.

# കേരള സംസ്ഥാന യുവജന കമ്മീഷൻ




കേരള സംസ്ഥാന യുവജന കമ്മീഷൻ
വികാസ് ഭവൻ, തിരുവനന്തപുരം - 695003
ഫോൺ : 0471 - 2308630
ഫാക്സ് : 0471 - 2308530

Web : www.skyc.kerala.gov.in
Email : keralayouthcommission@gmail.com | ksyc@kerala.gov.in

Job Portal Web : www.ksycjobs.kerala.gov.in
Email : ksycjobs@kerala.gov.in